www.malankaralibrary.com

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No..............................

# കൂനൻകുരിശു സത്യം

ഗ്രന്ഥകർത്താ:
മോൺസിഞ്ഞോർ
തോമസ് വടശ്ശേരി എൽ.ഡി.

പ്രസാധകൻ
ഫാ. ജൊവാക്കീം നാഗഞ്ചേരിൽ

www.malankaralibrary.com

## പ്രസാധകക്കുറിപ്പ്

45 വർഷം മുമ്പാണ് മോൺ. തോമസ് വടശ്ശേരിയുടെ 'കൂനൻ കുരിശുസത്യം' എന്ന ചെറു പ്രബന്ധം പ്രസിദ്ധീകരിച്ചത്. എറണാകുളം ആർച്ചു ബിഷപ്പു ആയിരുന്ന മോസ്റ്റു റവ. മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരം മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയാണ് പ്രബന്ധം അച്ചടിപ്പിച്ചത്. ഒന്നാം പതിപ്പു 5000 കോപ്പി. തുടർന്ന് പല പതിപ്പുകളുണ്ടായി. ആകെ മുപ്പതിനായിരം കോപ്പികൾ. അതിൻെറ പുതിയ പതിപ്പാണ് ഇപ്പോൾ ഇറക്കുന്നത്."

മഹാനുഭാവനായ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി ഇന്നില്ല. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും വിട പറഞ്ഞു. മോൺ. വടശ്ശേരിയുടെ ചരിത്രപാണ്ഡിത്യം ഇന്നുള്ളവർക്കു സ്മരണ മാത്രമാണ്.

കുപഥചാരികളുടെ സ്വൈര വിഹാരം ചരിത്രരംഗത്തുമുണ്ട്. അവർക്കു ചൂട്ടുപിടിക്കുന്ന വിശാല മനസ്കതയുടെ വെള്ളയുടുപ്പുകാർ പെരുകുകയും ചെയ്യുന്നു. മോൺ. വടശ്ശേരിയുടെ പ്രബന്ധത്തിനു ഇന്നു പ്രസക്തി ഏറെയാണ്. അതുകൊണ്ടത്രേ ഈ പുതിയ പതിപ്പിനു ഞാൻ ഉദ്യുക്തനായത്.

"ഒരാട്ടിൻകൂട്ടവും ഒരിടയനുമാകും". യോഹ. 10/16.

പ്രസാധകൻ

ക്ലേർജി ഹോം, പുഷ്പഗിരി, തിരുവല്ലാ-689 101
10-1-1998

ഫാ. ജൊവാക്കീം നാഗഞ്ചേരിൽ

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No..................................

# കൂനൻകുരിശു സത്യം

മൂന്നു നൂറ്റാണ്ടുകൾ കടന്നുപോയി നിർഭാഗ്യകരമായ ആ സംഭവം നടന്നിട്ട്*; 1653-ലെ കൂനൻകുരിശു സത്യം. പതിനേഴു നൂറ്റാണ്ടു കാലം കത്തോലിക്കാസഭയിൽ ഒറ്റക്കെട്ടായി നിന്നവർ അന്നു രണ്ടായി പിരിഞ്ഞു! അങ്ങനെ പുത്തൻകൂറും പഴയകൂറും ഉണ്ടായി! ദുരദൃഷ്ടം അവിടേയും അവസാനിച്ചില്ല. പുത്തൻകൂർ, മാർത്തോമ്മാ, ഓർത്തഡോക്സ്, പെന്തക്കോസ്ത്, സി.എം.എസ്. ഇങ്ങനെ ഭിന്നകക്ഷികളായി, ഛേദിക്കപ്പെട്ട ശിഖരംപോലെ വാടിത്തളരുകയാണ്. ഇതു വെറും ചരിത്ര വസ്തുത!

പുനരൈക്യപ്രസ്ഥാനം ഒരു പുത്തൻവഴി തുറന്നു! മാർ ഈവാനിയോസ്, മാർ തിയോഫിലോസ് എന്നീ തിരുമേനിമാർ മുമ്പേ നടന്നു. ഇതിനകം ഒന്നേകാൽ ലക്ഷത്തോളം(ന) പേർ സത്യസഭയെ സമാശ്ലേഷിച്ചുകഴിഞ്ഞു. അങ്ങനെ കേരളസഭ ഒന്നാകുകയാണ്.

---

* 1953-ലാണ് ഈ പ്രബന്ധത്തിൻെറ രചന (പ്രസാ)

(ന) നാലു ലക്ഷം പേർ ഇന്നു മലങ്കര സഭൈക്യത്തിൽ അണിനിരന്നിട്ടുണ്ട്. (പ്രസാ)

www.malankaralibrary.com

കത്തോലിക്കാസഭയെയും കൂനൻകുരിശു സത്യത്തിൻെറ ചരിത്രവസ്തുതകളെയും കുറിച്ചുള്ള അറിവു കുറവ്, മുൻവിധി, തെറ്റിദ്ധാരണ, ദുർവാശി ഇവയെല്ലാമാണ് അകന്നു നിൽക്കുന്നവരെ അകറ്റി നിറുത്തിയിരിക്കുന്നത്. നൂറ് നൂറ് അനുഭവസ്ഥർ ഈ വസ്തുതയ്ക്കു സാക്ഷികളാണ്. തെറ്റിദ്ധാരണകൾ മാറുവാൻ ചരിത്ര യാഥാർത്ഥ്യങ്ങൾ വെളിച്ചത്തു വരണം, സത്യത്തിൻെറ കൈത്തിരി വെളിച്ചം വീശണം, പ്രസാദവരം പ്രവഹിക്കണം. അപ്പോൾ, സഭ ഒന്നാകും. ഏക തൊഴുത്തും ഏകയിടയനും സംജാതമാകും.

## മലങ്കരയിലെ ആദിമ വിശ്വാസം

അപ്പൊസ്തോലിക കാലം തുടങ്ങി പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിലുള്ള എല്ലാ പ്രാദേശിക സഭകളും - ലത്തീൻ, സുറിയാനി, ഗ്രീക്കു എന്നീ വ്യത്യാസം കൂടാതെ, അക്കൂട്ടത്തിൽ തീർച്ചയായും മലങ്കര സഭയും - ആദിമ ശതാബ്ദങ്ങളിൽ റോമാ സിംഹാസനത്തിൻെറ ഐക്യത്തിലും വിശ്വാസത്തിലും നിലനിന്നിരുന്നെന്നു സഭാ പിതാക്കന്മാരും പൊതു സൂനഹദോസുകളും സാക്ഷ്യം വഹിക്കുന്നു. [1].

ക്രിസ്തുവർഷം 325-ൽ നിക്യായിലും 381-ൽ കോൺസ്റ്റൻറിനോപ്പിളിലും 431-ൽ എഫേസൂസിലും 451-ൽ കൽക്കദോനിയായിലും 553-ൽ രണ്ടാം പ്രാവശ്യം കോൺസ്റ്റൻറിനോപ്പിളിലും 787-ൽ രണ്ടാം പ്രാവശ്യം നിക്യായിലും 680-ൽ മൂന്നാം പ്രാവശ്യം കോൺസ്റ്റൻറിനോപ്പിളിലും 869-ൽ നാലാം പ്രാവശ്യം കോൺസ്റ്റൻറിനോപ്പിളിലും നടന്ന സൂനഹദോസുകളാണു ആദ്യത്തേ എട്ടു പൊതുസൂനഹദോസുകൾ.

(1) സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ "മാർപ്പാപ്പായുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ?" എന്ന ഗ്രന്ഥം 4-ാം അദ്ധ്യായത്തിൽ കാണുക.



ഈ എട്ടു പൊതുസൂനഹദോസുകളും പൗരസ്ത്യ ദേശത്തായിരുന്നു നടന്നത്. പൗരസ്ത്യ ദിക്കിലെ മേല്പട്ടക്കാരായിരുന്നു ഇവയിൽ സംബന്ധിച്ചിരുന്നവരിൽ ബഹുഭൂരിപക്ഷവും. ഇവയിൽ രണ്ടാമത്തെയും അഞ്ചാമത്തെയും പൊതു സൂനഹദോസുകളിൽ മാത്രമേ മാർപ്പാപ്പായുടെ പ്രതിനിധിമാർ സംബന്ധിച്ചു ആദ്ധ്യക്ഷം വഹിക്കാതിരുന്നിട്ടുള്ളു. മറ്റു പൊതുസൂനഹദോസുകളുടെ എന്നതുപോലെ ഈ രണ്ടു സൂനഹദോസുകളുടെയും നിശ്ചയങ്ങൾ മാർപ്പാപ്പാ അംഗീകരിച്ചതോടുകൂടി ഇവയും പൊതു സൂനഹദോസുകളായിത്തീർന്നു[2].

ഈ സഭാ പിതാക്കന്മാരുടെയും പൊതുസൂനഹദോസുകളുടെയും കാലത്തു മലങ്കരസഭ റോമാ സിംഹാസനത്തിൻെറ ഐക്യത്തിൽ നിന്നും വിശ്വാസത്തിൽനിന്നും വേർപെട്ടു ഒരു സ്വതന്ത്രസഭയായിത്തീർന്നെന്നു അനുമാനിക്കുവാൻ ഒരു ചരിത്രരേഖയും ലഭിക്കുന്നില്ല.

ആരിയോസ് കക്ഷിക്കാർ 325-ൽ നിക്യാ സൂനഹദോസിലും, നെസ്തോറിയർ 431-ൽ എഫേസൂസ് സൂനഹദോസിലും, ഏക സ്വഭാവവാദികൾ (Monophysites) 451-ൽ കൽക്കദോനിയാ സൂനഹദോസിലുംവെച്ചു റോമാ സഭയുടെ ഐക്യത്തിൽനിന്നും വിശ്വാസത്തിൽനിന്നും വേർപെട്ടു സ്വതന്ത്രസഭകളായി. ഏക സ്വഭാവവാദികൾ പിൽക്കാലത്തു ഇരുപതോളം വിഭിന്നവിഭാഗക്കാരായി മിക്കവാറും നാമാവശേഷരാകാൻ തുടങ്ങിയപ്പോൾ യാക്കോബ് ബുർദാനാ എന്ന സന്യാസിയായ ഒരു മേല്പട്ടക്കാരൻ (ഭരണകാലം 543-578) അവരിൽ പല വിഭാഗക്കാരെ സംഘടിപ്പിച്ച്, "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന പേരിൽ സേർജിയൂസ് എന്നൊരാളെ പാത്രിയർക്കീസായി വാഴിച്ചു രൂപവൽ

(2) ആദ്യത്തെ നാലു പൊതുസൂനഹദോസുകളുടെ ചരിത്രം ഉദ്ധൃതഗ്രന്ഥം 10-ാം അദ്ധ്യായത്തിൽ കാണുക.

www.malankaralibrary.com



ക്കരിച്ചതാണു യാക്കോബായസഭ. ഈ യാക്കോബ് ബുർദാനായിൽ നിന്നത്രെ യാക്കോബായ എന്ന പേർ ഈ സഭയ്ക്കു ലഭിച്ചത് (3). ഗ്രീക്കുസഭ 1054-ലും പ്രോട്ടസ്റ്റൻറുസഭ 16-ാം ശതാബ്ദത്തിലും കത്തോലിക്കാസഭയിൽ നിന്നും വേർപെട്ടു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു തോമാശ്ലീഹായുടെ കാലത്തും അതിൽ പിന്നീടുള്ള ശതാബ്ദങ്ങളിലും മറ്റു പ്രാദേശിക സഭകളെപ്പോലെ മലങ്കരസഭയും മാതൃസഭയായ റോമാ (കത്തോലിക്ക) സഭയുടെ ഐക്യത്തിലും വിശ്വാസത്തിലും നിലനിന്നിരുന്നു എന്നല്ലാതെ മൂന്നാം ശതാബ്ദത്തിനു ശേഷമുണ്ടായ ആരിയൻ, നെസ്തോറിയൻ, യാക്കോബായ, ഗ്രീക്കു, പ്രോട്ടസ്റ്റൻറ മുതലായ വിശ്വാസത്തിലായിരുന്നു എന്നുള്ള അഭിപ്രായം സഭാചരിത്രത്തിൽ അല്പമെങ്കിലും പരിചയം സിദ്ധിച്ചവരുടെ ഇടയിൽ വിലപ്പോകുന്നതല്ല. എന്തുകൊണ്ടെന്നാൽ കത്തോലിക്കാസഭയല്ലാതെ വേറൊരു സഭയും ആദിമ ശതാബ്ദങ്ങളിൽ ലോകത്തിൽ ഇല്ലായിരുന്നു. വിഭിന്ന സഭകൾ വിദേശത്തു ഉണ്ടായ ഉടനെ കേരളത്തിൽ പ്രവേശിച്ചെന്നു വിചാരിപ്പാൻ വഴിയുമില്ല.

1498-ലത്രേ കച്ചവടത്തിനായി പോർട്ടുഗീസുകാർ ആദ്യമായി കേരളത്തിൽ വന്നത്. പോർട്ടുഗീസുകാരുടെ വരവിനു ശേഷമാണ് ഇവിടെ കത്തോലിക്കാസഭ ഉണ്ടായതെന്നു കേരളത്തിലെ എല്ലാ അകത്തോലിക്ക ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. എന്നാൽ മലങ്കരസഭ അപ്പൊസ്തോലിക കാലം തുടങ്ങി മാതൃസഭയായ കത്തോലിക്കാസഭയുടെ ഐക്യത്തിലും വിശ്വാസത്തിലുമാണു നിലനിന്നിരുന്നതെന്നു നാം കണ്ടു കഴിഞ്ഞു. പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനു മുമ്പും

(3) ഉദ്ധൃതഗ്രന്ഥം, പുറം 168-171; എൻെറ തെങ്ങേലി പ്രസംഗം, പുറം 26-40 കാണുക.



വന്നതിനുശേഷവും മലങ്കസഭയെ ഭരിക്കുന്നതിനു വിദേശത്തുനിന്നു വന്ന സുറിയാനി മെത്രാന്മാർ കത്തോലിക്കാ വിശ്വാസികളും റോമാ സിംഹാസനത്തിൻെറ ഐക്യത്തിൽ ഇരുന്നവരുമായിരുന്നു എന്നതിനു അനിഷേധ്യമായ ധാരാളം ചരിത്രരേഖകളുണ്ട്. വിസ്തരഭയത്താൽ പോർട്ടുഗീസുകാരുടെ വരവിനുശേഷം മലങ്കരയിൽ വന്ന ചില സുറിയാനി മെത്രാന്മാരെ സംബന്ധിച്ചുള്ള രേഖകൾ മാത്രം ഇവിടെ ഉദ്ധരിക്കുന്നു.

ബാബേൽ സിംഹാസനത്തിൽ വാണിരുന്ന മാർ ഏലിയാസ് പാത്രിയർക്കീസ് 1503-ൽ അതായത്, പോർട്ടുഗീസുകാർ കേരളത്തിൽ വന്നിട്ട് അഞ്ചുകൊല്ലം മാത്രം കഴിഞ്ഞപ്പോൾ മാർ തോമ്മാ, മാർ യബ് ആലാഹാ, മാർ ദനഹാ, മാർ യാക്കോബ് എന്നീ നാലു മെത്രാന്മാരെ കേരളത്തിലേക്ക് അയയ്ക്കുകയുണ്ടായി. ഈ മെത്രാന്മാർ ഇൻഡ്യയിൽ എത്തിയപ്പോൾ കണ്ണൂരിൽ വസിച്ചിരുന്ന പോർട്ടുഗീസ് വൈദികർ ഇവരെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും രണ്ടര മാസത്തോളം ഇവരെ തങ്ങളുടെ അതിഥികളായി കണ്ണൂരിൽത്തന്നെ താമസിപ്പിക്കുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം വിവരിച്ച് മാർ ഏലിയാസ് പാത്രിയർക്കീസിന് ഈ നാലു മെത്രാന്മാർ കൂടി അയച്ച എഴുത്തിൽ ഇങ്ങനെ പറയുന്നു: "ഇൻഡ്യാക്കാരുടെ പട്ടണമായ കണ്ണൂരിൽ ഞങ്ങൾ വന്നപ്പോൾ.... അവർ (പോർട്ടുഗീസുകാർ) ഞങ്ങളെ ഏറ്റവും ബഹുമാനത്തോടുകൂടി സ്വീകരിക്കുകയും ഞങ്ങൾക്കു മനോഹരമായ ഉടുപ്പുകളും 20 സ്വർണ്ണനാണയങ്ങളും നല്കുകയും..... ചെയ്തു. രണ്ടര മാസം ഞങ്ങൾ അവരോടുകൂടി താമസിച്ചു. ഒരു ദിവസം ഞങ്ങളും വി. കുർബാന അർപ്പിക്കണമെന്ന് അവർ ഞങ്ങളോടു പറഞ്ഞു...... ആകയാൽ, "നോസർദൽ" ഞായറാഴ്ച (പെന്തക്കോസ്തി കഴി

www.malankaralibrary.com


ഞ്ഞുവരുന്ന 7-ാം ഞായറാഴ്ച) അവരുടെ പട്ടക്കാർ കുർബാന ചൊല്ലിയശേഷം ഞങ്ങളേയും പ്രവേശിപ്പിക്കയും ഞങ്ങൾ ദിവ്യ ബലി അനുഷ്ഠിക്കുകയും ചെയ്തു. അത് അവർക്കു സന്തോഷകരമായിരുന്നു." (4)

കത്തോലിക്കർ തങ്ങളുടെ ദൈവാലയങ്ങളിൽ അന്യ സഭകളിൽപ്പെട്ട വൈദികരെ കുർബാന ചൊല്ലുവാൻ ഒരിക്കലും അനുവദിക്കുന്നതല്ല. ബാബേലിൽ നിന്നുവന്ന ഈ സുറിയാനി മെത്രാന്മാരെ പോർട്ടുഗീസു വൈദികർ ഇത്ര ബഹുമാനപൂർവ്വം സ്വീകരിച്ചു സൽക്കരിക്കയും അവർ കുർബാന ചൊല്ലിയ അതേ ബലിപീഠങ്ങളിൽത്തന്നെ ഈ മെത്രാന്മാരും കുർബാന ചൊല്ലുവാൻ അനുവദിക്കുകയും ചെയ്തെങ്കിൽ ഈ മെത്രാന്മാർ പോർട്ടുഗീസുകാരെപ്പോലെ കത്തോലിക്കരായിരുന്നു; അന്യ സഭകളിൽപ്പെട്ടവരല്ല എന്നത് തീർച്ചയാണ്. കൂനൻകുരിശു സത്യത്തിനു മുമ്പു മലങ്കര സസ്രാണികളെ ഭരിക്കാൻ വന്ന മെത്രാന്മാർ കത്തോലിക്കാ വിശ്വാസികളാണെങ്കിൽ അവരുടെ ഭരണത്തിലിരുന്ന ഇവിടത്തെ ക്രിസ്ത്യാനികളും കത്തോലിക്കാ വിശ്വാസികളും ബാബേൽ സിംഹാസനംവഴി റോമ്മാ മാർപ്പാപ്പായുടെ ഐക്യത്തിൽ ഇരുന്നവരുമല്ലേ?

ബാബേലിലെ പാത്രിയർക്കീസായിരുന്ന അബ്ദീശോ 1556-ൽ മാർ യൗസേപ്പ്, മാർ ഏലിയാസ് എന്നീ രണ്ടു സുറിയാനി മെത്രാന്മാരെ കേരളസഭയെ ഭരിക്കുന്നതിനായി ഇൻഡ്യയിലേക്ക് അയച്ചു. ബോംബെക്കു വടക്കു ബസെയിൻ എന്ന സ്ഥലത്തുള്ള ഫ്രാൻസിസ്ക്കൻ സന്യാസാശ്രമത്തിൽ ഒന്നര

(4) Schurhammer S.J., The Malabar Church and Rome, p.7.
ജ്യമീൽ എന്ന പണ്ഡിതൻ 1902-ൽ പ്രസിദ്ധപ്പെടുത്തിയ "Genuinae relationes......" എന്ന കൃതിയിൽ ഈ എഴുത്തു മൂലഭാഷയായ സുറിയാനിയിലും അതിന്റെ പരിഭാഷയായി ലത്തീനിലും മുഴുവനായി ഉദ്ധരിച്ചിട്ടുണ്ട്. പുറം 588-600



വർഷത്തോളം ഇവർ താമസിച്ചു. ഇവർ അവിടെ വസിക്കയിൽ അന്തോനിയസ് ദൊ പോർട്ടോ എന്ന സുപ്രസിദ്ധ ഫ്രാൻസിസ്ക്കൻ സന്യാസി 1557 നവംബർ 20-ാം തീയതി പോർട്ടുഗൽ രാജാവിനു ഇവരുടെ വിശ്വാസത്തെയും പാണ്ഡിത്യത്തെയും നിർമ്മല ജീവിതത്തെയും വിവരിച്ചു ദീർഘമായ ഒരു ലേഖനം അയച്ചു. ആ ലേഖനത്തിലെ ചില ഭാഗങ്ങൾ ഇപ്രകാരമാണ്: "നമ്മുടെ മാതാവായ വിശുദ്ധ സഭയുടെ വിശ്വാസ വിഷയങ്ങളിലും കൂദാശകളിലും മൗലികങ്ങളും ആവശ്യകങ്ങളുമായ കാര്യങ്ങൾ സംബന്ധിച്ച് അവരുമായി പലപ്പോഴും ഞാൻ സംസാരിച്ചിട്ടുണ്ട്. നമ്മിൽ നിന്ന് ഏതെങ്കിലും രീതിയിലോ വാക്കിലോ അവർ വ്യത്യസ്തരല്ലെന്ന് എനിക്കു ബോധ്യപ്പെട്ടു. ഇവിടെയുള്ള മാതാവിന്റെ (കന്യകാമറിയത്തിന്റെ) ഈ മന്ദിരത്തിൽ വന്നപ്പോൾ കൽദായയിൽ (സുറിയാനിയിൽ) വളരെ ഭക്തിപൂർവ്വം അവർ കുർബാന ചൊല്ലി.... കേരളത്തിലെ ക്രിസ്ത്യാനികൾക്ക് ഈ കൽദായ (സുറിയാനി) മെത്രാന്മാരെ വളരെ ഇഷ്ടമാണ്..... മഹാരാജാവേ, മാർപ്പാപ്പായുടെ ഐക്യത്തിലിരിക്കുന്ന കൽദായ പാത്രിയർക്കീസ് യാതൊരു സാഹചര്യത്തിലും കേരളീയർക്കായി മെത്രാന്മാരെ അയയ്ക്കരുതെന്നു മാർപ്പാപ്പാ ഈ പാത്രിയർക്കീസിനോട് ആജ്ഞാപിക്കുന്നതിനുവേണ്ടി അവിടുന്ന് ഒരു അപേക്ഷ മാർപ്പാപ്പായ്ക്കു സമർപ്പിക്കണം. കേരളീയർ മെത്രാന്മാരെ അയച്ചു തരണമെന്നു പാത്രിയർക്കീസിനോട് ആവശ്യപ്പെട്ടാൽ ഗോവയിലെ മെത്രാനെ അനുസരിക്കണമെന്നും, താൻ അനുസരിച്ചുവരുന്ന അതേ മാർപ്പാപ്പായുടെ കല്പന പ്രകാരം ഗോവാ മെത്രാൻ തന്നെയാണ് അവരുടെയും മെത്രാനെന്നും, പാത്രിയർക്കീസ് അവരോടു പറയണം. ഇക്കാര്യങ്ങളൊക്കെ അറിയുന്നതു അവിടുത്തേക്കു സന്തോഷപ്രദമാണെന്നു വിചാരിച്ചാണ് ഇവ അവിടുത്തേക്കു ഞാൻ എഴുതുന്നത്." (5) ഈ എഴുത്തിൽനിന്നു താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമത്രെ.

(5) Bullarium Patronotus Portugalliae, II pp. 300 ff.

www.malankaralibrary.com



1. ബാബേൽ പാത്രിയർക്കീസ് റോമ്മാ മാർപ്പാപ്പായുടെ ഐക്യത്തിലാണ് ഇരുന്നിട്ടുള്ളത്.
2. ബാബേൽ സിംഹാസനത്തിൽനിന്നു കേരളസഭയെ ഭരിക്കുവാൻ അയയ്ക്കപ്പെട്ടിരുന്ന സുറിയാനി മെത്രാന്മാരുടെ വിശ്വാസം ലത്തീൻ റീത്തുകാരായ പോർട്ടുഗീസുകാരുടെ വിശ്വാസത്തിൽനിന്നു മൗലിക കാര്യങ്ങളിൽ വ്യത്യസ്തമല്ലായിരുന്നു.
3. സുറിയാനി മെത്രാന്മാരും പോർട്ടുഗീസു വൈദികരും തമ്മിൽ, കുർബാന ചൊല്ലുന്ന സുറിയാനി, ലത്തീൻ എന്നീ ഭാഷകൾ സംബന്ധിച്ചു മാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു,
4. കേരളീയ സുറിയാനി ക്രിസ്ത്യാനികൾക്കു സുറിയാനി മെത്രാന്മാരെ വളരെ ഇഷ്ടമായിരുന്നു.
5. എങ്കിലും കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ ഭരിക്കുന്നതിനു വിദേശത്തുനിന്നു സുറിയാനി മെത്രാന്മാരെ അവർ വരത്തുന്നതു പോർട്ടുഗീസുകാർക്ക് അത്ര ഇഷ്ടമുള്ള കാര്യമല്ലായിരുന്നു.
6. ഗോവയിലെ ലത്തീൻ റീത്തുകാരനായ പോർട്ടുഗീസു മെത്രാനെത്തന്നെ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളും ഭരണാധികാരിയായി സ്വീകരിക്കണമെന്നായിരുന്നു പോർട്ടുഗീസുകാരുടെ ആഗ്രഹം.
7. ഈ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി പോർട്ടുഗൽ രാജാവു മാർപ്പാപ്പായ്ക്ക് അപേക്ഷ സമർപ്പിക്കണം.
8. മാർപ്പാപ്പാ ബാബേൽ പാത്രിയർക്കീസിനോടു മേലാൽ സുറിയാനി മെത്രാന്മാരെ കേരളത്തിലേക്കു അയയ്ക്കരുതെന്ന് ആജ്ഞാപിക്കണം. കേരളത്തിലെ ക്രിസ്ത്യാനികൾ മെത്രാന്മാരെ അയച്ചുതരണമെന്നു ബാബേൽ പാത്രിയർക്കീസിനോട് അപേക്ഷിച്ചാൽ ഗോവാ മെത്രാനെയാണ് അവരുടെയും മെത്രാനായി മാർപ്പാപ്പാ നിശ്ചയിച്ചിരിക്കുന്നതെന്നുള്ള വിവരം പാത്രയർക്കീസ് അവരെ അറിയിക്കണം.



ഈ എഴുത്തിൽനിന്നു കൂനൻകുരിശുസത്യം ചെയ്യുന്നതിനു മുമ്പും മലങ്കര നസ്രാണികൾ കത്തോലിക്കാ വിശ്വാസികളായിരുന്നെന്നും റോമ്മാ സിംഹാസനത്തിൻെറ ഐക്യത്തിൽ ഇരുന്ന ബാബേൽ സിംഹാസംവഴി അവർ മാർപ്പാപ്പായുടെ അധികാരത്തിനു വിധേയരായിരുന്നെന്നും എന്നാൽ, പോർട്ടുഗീസുകാർ അവരെ പറങ്കി (പോർട്ടുഗീസു) മെത്രാന്മാരുടെ ഭരണത്തിലാക്കുന്നതിന് ആഗ്രഹിക്കയും അതിനായി കഴിവതു ശ്രമിക്കയും ചെയ്തിരുന്നെന്നും ഉള്ള സംഗതികൾ പട്ടാപ്പകൽപോലെ സ്പഷ്ടമത്രെ.

## പോർട്ടുഗീസുകാരുടെ കുതന്ത്രങ്ങൾ

വിദേശത്തുനിന്നു മലങ്കരസഭയെ ഭരിക്കുവാൻ വന്ന സുറിയാനി മെത്രാന്മാരെ പോർട്ടുഗീസുകാർ ആദ്യകാലത്തു വളരെ ബഹുമാനിക്കയും സമാധാനത്തോടെ ഇവിടെ ഭരണം നടത്തുവാൻ അനുവദിക്കയും ചെയ്തിരുന്നതായി മുകളിൽ ഉദ്ധരിച്ച സാക്ഷ്യങ്ങളിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ. എന്നാൽ കാലക്രമത്തിൽ പോർട്ടുഗീസുകാരിൽ ദുരാഗ്രഹവും ദുരുദ്ദേശ്യവുമുണ്ടായിത്തുടങ്ങി. വിദേശത്തു നെസ്തോറിയൻ വിശ്വാസം പ്രചരിച്ചിരുന്നതുകൊണ്ടു അവിടെ നിന്നുവരുന്ന സുറിയാനി മെത്രാന്മാർ നെസ്തോറിയൻ വിശ്വാസമുള്ളവരാണെന്നും അവർ ഇവിടെ ഭരണം നടത്തിയാൽ മലങ്കര നസ്രാണികൾ നെസ്തോറിയരായിത്തീർന്നേക്കുമെന്നും അവർ ശങ്കിച്ച് അവരെ പീഡിപ്പിക്കയും തടവിൽ ഇടുകയും നാടുകടത്തുകയും

www.malankaralibrary.com



ചെയ്തു. ഇതിനും പുറമേ വിദേശത്തുനിന്നു സുറിയാനി മെത്രാന്മാർ ഇവിടെ വരാതിരിക്കുന്നതിനും മലങ്കരസഭയെ ഭരിക്കുന്നതിനു പോർട്ടുഗീസുകാരായ ലത്തീൻ മെത്രാന്മാർക്കു റോമായിൽനിന്നു അനുവാദം ലഭിക്കുന്നതിനും അവർ പരിശ്രമിച്ചു.

1597-ൽ മരണം പ്രാപിച്ച മാർ അബ്രഹാം ആയിരുന്നു മലങ്കരസഭയെ ഭരിക്കുന്നതിനു ബാബേലിൽ നിന്നുവന്ന സുറിയാനി മെത്രാന്മാരിൽ ഏറ്റവും ഒടുവിലത്തെ ആൾ. അദ്ദേഹത്തിന്റെ മരണശേഷം മലങ്കര സഭയെ ഭരിക്കുവാൻ ഒരു വികാരി അപ്പൊസ്തോലിക്കായെ നിയമിക്കുന്നതിനുള്ള പ്രത്യേകാധികാരം ഗോവാ മെത്രാപ്പോലീത്തയായിരുന്ന മെനേസിസിനു റോമായിൽ നിന്നു ലഭിച്ചിരുന്നു.

1599-ൽ മെനേസിസ് മെത്രാപ്പോലീത്താ കേരളത്തിൽ വന്ന് ഉദയമ്പേരൂർ സുനഹദോസ് വിളിച്ചുകൂട്ടി. അക്കൊല്ലം നവംബർ 5-ാം തീയതി റോമായിൽ നിന്നുവന്ന കല്പനയനുസരിച്ചു വെയ്പക്കോട്ടു സെമിനാരിയിലെ അദ്ധ്യക്ഷനായിരുന്ന ഫ്രാൻസിസ് റോസ് എന്ന ഈശോസഭാ വൈദികൻ അങ്കമാലി മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. ഇങ്ങനെ മലങ്കര സുറിയാനിക്കാർ ലത്തീൻ റീത്തുകാരനായ മെത്രാന്റെ ഭരണത്തിലായി. ഫ്രാൻസിസ് റോസിനുശേഷം സ്റ്റീഫൻബ്രിട്ടോ, ഫ്രാൻസിസ് ഗാർസ്യാ എന്നീ ഈശോസഭാ വൈദികരും സുറിയാനിക്കാരെ ഭരിക്കയുണ്ടായി.

ഉദയമ്പേരൂർ സൂനഹദോസും ആ സുനഹദോസിനുശേഷം ഭരണം നടത്തിയ പോർട്ടുഗീസുകാരായ ഈ മെത്രാന്മാരും നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു കേരളത്തിൽ നടപ്പിലിരുന്ന കൽദായ സുറിയാനി റീത്തു (ആരാധനക്രമം) മാറ്റിയിട്ട് തൽസ്ഥാനത്തു ലത്തീൻ റീത്തു സ്ഥാപിക്കുന്നതിനും



വിദേശത്തു നിന്നുള്ള സുറിയാനി മെത്രാന്മാരുടെ ആഗമനത്തെ തടഞ്ഞു കേരളീയ ക്രിസ്ത്യാനികളെ പോർട്ടുഗീസു മെത്രാന്മാരുടെ ഭരണത്തിൽ ഉറപ്പിക്കുന്നതിനും ശ്രമിച്ചുവന്നു. കേരളത്തിലെ അകത്തോലിക്കചരിത്രകാരന്മാർ പോർട്ടുഗീസു മെത്രാന്മാരുടെ ഈ പരിശ്രമങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അന്നുവരെ അകത്തോലിക്കരായിരുന്ന കേരളീയ സുറിയാനിക്കാരിൽ കത്തോലിക്കാ വിശ്വാസം കുത്തിവയ്ക്കുന്നതിനും അവരെ മാർപ്പാപ്പായുടെ അധികാരത്തിൽ കൊണ്ടുവരുന്നതിനും പോർട്ടുഗീസുകാർ ശ്രമിച്ചതായി തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതിപ്പിടിപ്പിച്ചു സാധാരണ വായനക്കാരെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. കേരളത്തിലെ കൽദായ സുറിയാനി റീത്തുതന്നെ അകത്തോലിക്ക ചരിത്രകാരന്മാരുടെ ഈ പ്രസ്താവനകളുടെ "പൊള്ളത്തരം" വെളിപ്പെടുത്തുന്ന ഒരു "രക്തസാക്ഷിയായി" നിലകൊള്ളുന്നു. മെനേസിസും മറ്റു പോർട്ടുഗീസു മെത്രാന്മാരും അലങ്കോലപ്പെടുത്തുകയും അംഗഭംഗപ്പെടുത്തുകയും ചെയ്ത കൽദായ റീത്താണ് ഇപ്പോഴും എറണാകുളം, ചങ്ങനാശേരി, അതിരൂപതകളിലും, തൃശൂർ, കോട്ടയം, പാലാ, തലശ്ശേരി, കോതമംഗലം എന്നീ രൂപതകളിലുമുള്ള കത്തോലിക്കരുടെ ഇടയിൽ നടപ്പിലിരിക്കുന്നത്. വിശുദ്ധ കുർബാന ഒഴിച്ചുള്ള കൂദാശകൾ, വലിയ (ഹാശാ) ആഴ്ചയിലെ കർമ്മങ്ങൾ എന്നിവയെല്ലാം ലത്തീൻ റീത്തിൽ നിന്നു പരിഭാഷപ്പെടുത്തിയതു കൽദായ റീത്തിൽ അനുഷ്ഠിച്ചുവരുന്നു. പട്ടംകൊട, മെത്രാഭിഷേകം, ദൈവാലയ കൂദാശ എന്നിവ സുറിയാനിയിലേക്കു പരിഭാഷപ്പെടുത്താതെ ലത്തീൻ റീത്തനുസരിച്ചു ലത്തീൻ ഭാഷയിൽത്തന്നെ കൽദായ സുറിയാനി റീത്തുകാർ അടുത്തകാലംവരെ നടത്തിവന്നിരുന്നു.* ഈ മാറ്റങ്ങളെല്ലാം പോർട്ടുഗീസ് മെത്രാന്മാരുടെ കല്പനപ്രകാരമാണ് ഉണ്ടായിട്ടുള്ളത്.

---

* 1960-ൽ തുടങ്ങി റോമ്മാ സിംഹാസനത്തിൽ നിന്നുണ്ടായ നിർദ്ദേശമനുസരിച്ചു പട്ടംകൊട, ദൈവാലയകൂദാശ എന്നിവ കൽദായ സുറിയാനി റീത്തിൽ നടത്തിവരുന്നു.

www.malankaralibrary.com



## സുറിയാനിക്കാരുടെ എതിർപ്പ്

നമ്മുടെ പൂർവ്വന്മാർക്കാകട്ടെ മലങ്കരയിൽ പുരാതന കാലം തുടങ്ങി പരിചയിച്ചിട്ടുള്ള സുറിയാനി റീത്തു അഭംഗമായി പാലിച്ചുകൊണ്ടു പോകുന്നതിനും സുറിയാനി മെത്രാന്മാരുടെ ഭരണം നിലനിറുത്തിക്കൊണ്ടു പോകുന്നതിനും തീവ്രമായ ആഗ്രഹമുണ്ടായിരുന്നതിനാൽ പോർട്ടുഗീസുകാരുടെ ഈ കുനയത്തെയും തന്ത്രങ്ങളെയും പരിശ്രമങ്ങളെയും കഠിനമായി അവർ എതിർത്തുകൊണ്ടിരുന്നു. മെനേസിസ് മെത്രാപ്പോലീത്താ 1599-ൽ ഉദയംപേരൂർ സൂനഹദോസ് നടത്തിയപ്പോഴും പിന്നീട് കേരളത്തിലെ പള്ളികൾ ഔദ്യോഗികമായി സന്ദർശിച്ചപ്പോഴും സുറിയാനി ക്രിസ്ത്യാനികൾ ഈ അതൃപ്തിയും എതിർപ്പും പ്രത്യേകം വെളിപ്പെടുത്തി. റീത്തിനെയും സഭാഭരണത്തെയും സംബന്ധിച്ചുണ്ടായ ഈ അതൃപ്തിയും എതിർപ്പുകളും ദുർവ്യാഖ്യാനവും അതിവർണ്ണനവും ചെയ്തുകൊണ്ടും സത്യാവസ്ഥകൾ പലതും മറച്ചുവച്ചുകൊണ്ടും കേരളത്തിലെ അകത്തോലിക്ക ചരിത്രകാരന്മാർ പറയുന്നതു കേരളീയ സുറിയാനിക്കാരെ കത്തോലിക്കാ വിശ്വാസത്തിലേക്കും മാർപ്പാപ്പായുടെ ഐക്യത്തിലേക്കും കൊണ്ടുവരാൻ ശ്രമിച്ചതു നിമിത്തമാണ് പോർട്ടുഗീസുകാരെ അവർ എതിർത്തത് എന്നത്രെ. വാസ്തവത്തിൽ 1650-ൽ പോലും ഒരു സുറിയാനി മെത്രാനെ കേരളത്തിലേക്കു അയച്ചുതരണമെന്നു ആവശ്യപ്പെട്ടുകൊണ്ടു മലങ്കര നസ്രാണികൾ മാർപ്പാപ്പായുടെ ഐക്യത്തിലിരുന്ന ബാബേൽ പാത്രിയർക്കീസിനു ഒരു അപേക്ഷ അയച്ചു. ഇതിൽനിന്നു പോർട്ടുഗീസുകാരോടു എത്രമാത്രം വിദ്വേഷവും അതൃപ്തിയും സുറിയാനിക്കാർക്കുണ്ടായിരുന്നെങ്കിലും അവർ ഉറച്ച കത്തോലിക്കാ വിശ്വാസമുള്ളവരും ബാബേൽ സിംഹാസനംവഴി മാർപ്പാപ്പായുടെ ഐക്യത്തിലും അനുസരണത്തി



JOMI THOMAS
Thongalathu Toms Villa
Thamarakudy, P.O
Kalayanmanai 691560

ലും നിന്നവരുമായിരുന്നു എന്നു തെളിയുന്നു. സുറിയാനി റീത്തിനെയും സുറിയാനി മെത്രാന്മാരുടെ ഭരണത്തെയും അവർ മുറുകെപ്പിടിച്ചിരുന്നു എന്നു മാത്രമേയുള്ളു.

## കൂനൻ കുരിശു സത്യം.

ഈവിധം വിദേശത്തുനിന്നു ഒരു സുറിയാനി മെത്രാന്റെ ആഗമം അക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കവേയാണ് മാർ അഹത്തള്ളാ എന്ന പേരോടുകൂടിയ ഒരു മെത്രാൻ 1652-ൽ മൈലാപ്പൂരിൽ വന്നത്. കേരളത്തിൽ നിന്നു തീർത്ഥയാത്രയ്ക്കായി അക്കാലത്തു മൈലാപ്പൂരിൽ ചെന്നിരുന്ന ചെങ്ങന്നൂർ ഇടവക ചെങ്കയിൽ ഇട്ടി, കുറവിലങ്ങാട്ട് ഇടവക കിഴക്കേടത്തു കുര്യൻ എന്നീ രണ്ടു ശെമ്മാശന്മാരുടെ കൈവശം മലങ്കര സുറിയാനിക്കാർക്കായി അഹത്തള്ളാ കൊടുത്തയച്ച എഴുത്തിൽ ഇപ്രകാരം പറയുന്നു: "എന്റെ മക്കളേ, വരുവിൻ, എന്റെ വാക്കുകളെ ശ്രവിക്കുവിൻ. നമ്മുടെ നാഥനായ മാർപ്പാപ്പായിൽ നിന്നു എല്ലാ അധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ..... ഈ മൈലാപ്പൂർ പട്ടണത്തിൽ ഞാൻ വന്നെത്തിയിരിക്കുന്നത് ഇൻഡ്യയിൽ നിങ്ങളുടെ നാട്ടിലേക്കു എന്നെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി വൈദികരും ജനങ്ങളും ഇവിടെ വന്നുചേരുന്നതായി അറിഞ്ഞതിനാലാണെന്നും നിങ്ങൾ എല്ലാവരും ഗ്രഹിച്ചുകൊള്ളുവിൻ". [6] മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിക്കുന്ന നെസ്തോറിയരോ യാക്കോബായക്കാരോ മാർത്തോമ്മാക്കാരോ ആണ് അഹത്തള്ളായുടെ കാലത്ത് മലങ്കരയിൽ ഉണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികളെങ്കിൽ മാർപ്പാപ്പായിൽ നിന്നു അധികാരം സിദ്ധിച്ചിട്ടുള്ള തന്നെ കൂട്ടിക്കൊണ്ടുപോകുവാൻ

---

[6] Eustachio, Istoria del Mgr. Giuseppe' p. 25.

www.malankaralibrary.com



കേരളത്തിൽ നിന്നു ആളുകൾ വരണമെന്ന് അഹത്തള്ളാ ആവശ്യപ്പെടുമായിരുന്നോ? മാർപ്പാപ്പായെ വകവയ്ക്കാത്തവർ മാർപ്പാപ്പായിൽനിന്നു അധികാരം ലഭിച്ച ഒരാളെ സ്വീകരിക്കുമോ? ആകയാൽ അഹത്തള്ളാ വന്നപ്പോഴും മലങ്കര നസ്രാണികൾ കത്തോലിക്കാ വിശ്വാസികളും, മാർപ്പാപ്പായുടെ അധികാരത്തെ സ്വീകരിച്ചവരുമായിരുന്നു എന്നത്രെ ഈ എഴുത്തിൽ നിന്നു വിശദമാകുന്നത്.

ആഹത്തള്ളായെ പോർട്ടുഗീസുകാർ കപ്പൽ കയറ്റി ഗോവായ്ക്കു കൊണ്ടുപോകയാണുണ്ടായത്. യാത്രാ മദ്ധ്യേ കപ്പൽ കൊച്ചിയിൽ അടുക്കുമെന്നു നസ്രാണികൾക്കു എങ്ങനെയോ അറിവുകിട്ടി. അക്കാലത്തു മലങ്കര സഭയിൽ പ്രധാനിയായിരുന്ന തോമ്മാ അർക്കദിയാക്കോൻ എന്ന വൈദികൻ 25,000 ഭടന്മാരെയും കൂട്ടിക്കൊണ്ടു കൊച്ചിക്കോട്ടയുടെ പോർട്ടുഗീസ് അധികാരിയോട് അഹത്തള്ളാ മെത്രാനെ വിട്ടുകിട്ടണമെന്നു ആവശ്യപ്പെട്ടു. പോർട്ടുഗീസുകാർ അഹത്തള്ളായെ കടലിൽ താഴ്ത്തി കൊന്നു [x]എന്നുള്ള ഒരു വ്യാജവാർത്തയും ജനങ്ങളുടെ ഇടയിൽ അപ്പോൾ പ്രചരിച്ചിരുന്നതുകൊണ്ടു സുറിയാനിക്കാർ കൊച്ചിയിലെ കപ്പിത്താന് ഒരെഴുത്തു കൊടുത്തു. അതിലെ ഒരു ഭാഗം ഇങ്ങനെയാണ്: "പാത്രിയർക്കീസ് (അഹത്തള്ളാ മെത്രാൻ) പൗലിസ്തരാൽ (ഈശോസഭാംഗങ്ങളായ

x പോർട്ടുഗീസുകാർ അഹത്തള്ളാ മെത്രാനെ കടലിൽ താഴ്ത്തിക്കൊന്നു എന്നുള്ള പ്രസ്താവന അവാസ്തവമാണ്. അദ്ദേഹത്തിൻെറ വിശ്വാസം സംബന്ധിച്ചു വിസ്താരം നടത്തുന്നതിനു അവർ അദ്ദേഹത്തെ ഗോവായിലേക്കും പിന്നീട് പോർട്ടുഗളിലേക്കും അവിടെനിന്നും റോമായിലേക്കും കൊണ്ടുപോയി. റോമായിലേക്കുള്ള യാത്രയിൽ ഫ്രാൻസിൽ വെച്ചു അദ്ദേഹം മരണം പ്രാപിച്ചതായി ഈശോസഭക്കാരുടെ പല എഴുത്തുകളിലും റിപ്പോർട്ടുകളിലും നിന്നു വ്യക്തമാകുന്നു. Brief account of the Christians of La. Serra; Letter from Fr. F.D. Azveda to Fr. A. Baradas, Ambalagad, july 28th, 1668 (Aachives of S.J.)



പോർട്ടുഗീസ് വൈദികരാൽ) കൊല്ലപ്പെടുകയും തന്നിമിത്തം അദ്ദേഹത്തെ വിട്ടുതരുവാൻ നിവൃത്തിയില്ലാതിരിക്കയും ചെയ്തുന്നെങ്കിൽ സുറിയാനിഭാഷ പരിചയമുള്ളവരും ഞങ്ങളുടെ പള്ളിക്രമങ്ങൾ ഞങ്ങളെ പഠിപ്പിച്ച് അവയിൽ ഞങ്ങളെ സഹായിക്കുന്നതിനു ശേഷിയുള്ളവരും........ ആയ ആരെങ്കിലും **മാർപ്പാപ്പായുടെ കല്പനപ്രകാരം** ഇവിടെ വരട്ടെ. എന്നാൽ, പൗലിസ്തർ ആയിരിക്കരുത്. അവരെ ഞങ്ങൾ ഒട്ടുംതന്നെ ആഗ്രഹിക്കുന്നില്ല. കാരണം, അവർ ഞങ്ങളുടെയും **പരിശുദ്ധ മാതാവായ റോമ്മാ സഭയുടെയും** ശത്രുക്കൾ ആകുന്നു. അവരൊഴികെ ആരെങ്കിലും വരട്ടെ. നിസ്സംശയം കീഴ്വഴങ്ങുന്നതിനു ഞങ്ങൾ സന്നദ്ധരാണ്". [7] ഈ എഴുത്തിൽ നിന്നു തെളിയുന്നതും അഹത്തള്ളായെ കൂട്ടിക്കൊണ്ടു വരുവാനായി കൊച്ചിയിൽ എത്തിയ സുറിയാനി ക്രിസ്ത്യാനികൾ കത്തോലിക്കാ വിശ്വാസികളും മാർപ്പാപ്പായെ അനുസരിക്കുന്നതിൽ സദാ ജാഗരൂകരുമായിരുന്നു എന്നാണല്ലോ.

കപ്പിത്താൻ സുറിയാനിക്കാരുടെ ഈ അപേക്ഷയ്ക്കു അനുകൂലമായ മറുപടി നല്കാതെ അഹത്തള്ളായെ ഗോവായിലേക്കു കൊണ്ടുപോയി. അഹത്തുള്ളായെ വിട്ടുതരാതിരുന്നത് നേരത്തേ കേട്ടിരുന്ന കിംവദന്തിപോലെ കടലിൽ താഴ്ത്തി കൊന്നതുകൊണ്ടായിരിക്കുമെന്നു വിചാരിച്ചു സുറിയാനിക്കാർ നിരാശയും ദുഃഖവും വൈരാഗ്യവും സഹിക്കവയ്യാതെ കൊച്ചിയിലുള്ള മട്ടാഞ്ചേരിയിലെ കൂനൻകുരിശു എന്നറിയപ്പെടുന്ന കൽക്കുരിശിൽ കയർകെട്ടി എല്ലാവരും അതിൽ പിടിച്ചു മേലാൽ മലങ്കര നസ്രാണികൾ പറങ്കി (പോർട്ടുഗീസ്) മെത്രാന്മാരുടെ കീഴിൽ ഇരിക്കുന്നതല്ലെന്നു സത്യംചെയ്തു: ഇതത്രെ കുപ്രസിദ്ധമായ കൂനൻകുരിശു സത്യം. ഈ സത്യം നടന്നതു

(7) Travancore State Manual, II p. 184.

www.malankaralibrary.com



1653 ജനുവരി 3-ാം തീയതി വെള്ളിയാഴ്ചയാണ്. അക്കാലത്തു മലങ്കര സുറിയാനിക്കാരെ ഭരിച്ചിരുന്നതു ലത്തീൻ റീത്തുകാരനായ ഫ്രാൻസിസ് ഗാർസ്യാ എന്ന പോർട്ടുഗീസു മെത്രാനായിരുന്നു.

## കൂനൻകരുശു സത്യത്തെപ്പറ്റി വിഭിന്നാഭിപ്രായങ്ങൾ

കൂനൻകുരിശു സത്യത്തെപ്പറ്റി കേരളത്തിലെ അകത്തോലിക്കർ പറയുന്നത് ഇപ്രകാരമാണ്: "കൂനൻകുരിശു സത്യം ചെയ്ത മലങ്കര നസ്രാണികൾ നെസ്തോറിയരോ യാക്കോബാക്കാരോ, മാർത്തോമ്മാക്കാർ എന്ന പേരിൽ ഇക്കാലത്തു അറിയപ്പെട്ടുവരുന്ന നവീകരണക്കാരോ ആണ്; കത്തോലിക്കാ വിശ്വാസത്തിലും മാർപ്പാപ്പായുടെ അധികാരത്തിലും സുറിയാനി ക്രിസ്ത്യാനികളെ കൊണ്ടുവരുന്നതിനു കത്തോലിക്കാ സഭാംഗങ്ങളായ പോർട്ടുഗീസുകാർ (പറുങ്കികൾ) പ്രത്യേകിച്ച് മെനേസിസ് മെത്രാപ്പോലീത്താ ചതുരുപായങ്ങളും പ്രയോഗിച്ചിട്ടുണ്ട്: കേരളീയ സഭയെ ഭരിക്കുവാൻ വിദേശത്തുനിന്നു 1652-ൽ വന്ന അഹത്തള്ളാ എന്ന സുറിയാനി മെത്രാനെ പോർട്ടുഗീസുകാർ നാടുകടത്തുകയോ കടലിൽ താഴ്ത്തി കൊല്ലുകയോ ചെയ്തു. ഇക്കാരണങ്ങളാൽ "**സന്തതിയുള്ള കാലംവരെ കത്തോലിക്കാവിശ്വാസം സ്വീകരിക്കയോ മാർപ്പാപ്പായുടെ അധികാരത്തിനു വിധേയരാകയോ ചെയ്കയില്ല**" എന്നു നമ്മുടെ പൂർവ്വ പിതാക്കന്മാർ കുനൻകുരിശിൽ വച്ചു സത്യംചെയ്തു." എന്നാൽ, കേരളത്തിലെ കത്തോലിക്കാ ചരിത്രകാരന്മാർ മാത്രമല്ല, ഷൂർഹാമർ, ബൽട്രാമി, ജ്യമീൽ, ഹെരാസ് ആദിയായ വിദേശീയ ചരിത്രപണ്ഡിതന്മാർ നിരവധി രേഖകൾ ഉദ്ധരിച്ചുകൊണ്ടു കൂനൻകുരിശുസത്യം ചെയ്ത കാലത്തു മലങ്കര സുറിയാനിക്കാർ കത്തോലിക്കാ വിശ്വാസികളും റോമ്മാ സിംഹാസനത്തിൻെറ ഐക്യത്തിൽ നിന്നിരുന്നവരുമായിരുന്നെന്നും,



കൂനൻകുരിശു സത്യത്താൽ അവർ പോർട്ടുഗീസ് വൈദികരുടെ ദുർഭരണത്തെ അല്ലാതെ കത്തോലിക്കാ വിശ്വാസത്തെയോ മാർപ്പാപ്പായുടെ അധികാരത്തെയോ ഉപേക്ഷിച്ചിരുന്നില്ലെന്നും അഭിപ്രായപ്പെടുന്നു. സംഗതികളുടെ യഥാർത്ഥസ്ഥിതി ഗ്രഹിക്കുന്നതിനു വിശ്വാസയോഗ്യമായ ചരിത്ര രേഖകളെ നിഷ്പക്ഷബുദ്ധ്യാ നാം പഠിക്കേണ്ടിയിരിക്കുന്നു.

## അർക്കദിയാക്കോൻെറ അഭിപ്രായം

കുനൻകുരിശുസത്യം നടന്ന് അഞ്ചുമാസം കഴിഞ്ഞപ്പോൾ, അതായത് 1653 മേയ് 22-ാം നു ഞായറാഴ്ച പെന്തിക്കോസ്തു തിരുനാളിൽ ആലങ്ങാട്ടു പള്ളിയിൽവെച്ചു പന്ത്രണ്ടു പട്ടക്കാർ കൂടി തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചു. ഇങ്ങനെ മെത്രാഭിഷേകം നടത്തുന്നതിനുള്ള അധികാരം മാർപ്പാപ്പായിൽ നിന്ന് അഹത്തള്ളാ മുഖേന മലങ്കര സുറിയാനിസഭയ്ക്കു ലഭിച്ചിട്ടുണ്ടെന്നു കല്ലിശ്ശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ പറഞ്ഞുണ്ടാക്കിയ ഒരു വ്യാജപ്രസ്താവനയെ അടിസ്ഥാനമാക്കിയാണ് ഈ അഭിഷേകം നടന്നത്. കൂനൻകുരിശു സത്യം ചെയ്തതോടുകൂടി മലങ്കര നസ്രാണികൾ കത്തോലിക്കാസഭയെയും മാർപ്പാപ്പായുടെ അധികാരത്തെയും നിഷേധിച്ചിരുന്നെങ്കിൽ മാർപ്പാപ്പായിൽ നിന്നു മെത്രാഭിഷേകം നടത്തുന്നതിനുള്ള അധികാരം സിദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ എന്തു വിലയാണുള്ളത്? മാർപ്പാപ്പായെ ഉപേക്ഷിച്ചവരോടു മാർപ്പാപ്പായുടെ അധികാരത്തെപ്പറ്റി പറഞ്ഞാൽ വിദ്വേഷം വർദ്ധിക്കയല്ലേ ചെയ്യുന്നത്? ആകയാൽ, ഇട്ടിത്തൊമ്മൻ കത്തനാരുടെ വ്യാജപ്രസ്താവനതന്നെ തെളിയിക്കുന്നു, കൂനൻകുരിശുസത്യം ചെയ്തവർ, മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിച്ചിരുന്നില്ലെന്നും അനധികൃതമായി മെത്രാഭിഷേകം നടത്തിയപ്പോഴും മാർപ്പാപ്പായുടെ കല്പന പ്രകാരമാണു തങ്ങൾ അങ്ങനെ ചെയ്യുന്നതെന്ന് അവർ പൂർണ്ണമായി വിശ്വസിച്ചിരുന്നെന്നും.

www.malankaralibrary.com


തോമ്മാ അർക്കദിയാക്കോനെ മെത്രാൻവേഷം ധരിപ്പിച്ച ശേഷം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി, കൂനൻകുരിശു സത്യം ചെയ്തവരിൽ പ്രധാനികൾ ചേർന്ന്. അതിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "മാർപ്പാപ്പായുടെയും (Supreme Pontiff) വിശുദ്ധ മാതാവായ റോമ്മാസഭയുടെയും കല്പനയാലെ വന്ന പാത്രിയർക്കീസിൻെറ (അഹത്തള്ളായുടെ) കല്പനയും നിശ്ചയവുമനുസരിച്ച് നാം ഒരു മെത്രാപ്പോലീത്തായെ വാഴിച്ചതിനാൽ നമുക്ക് ഈ മെത്രാപ്പോലീത്തായോടുകൂടി നില്ക്കുകതന്നെ ചെയ്യാം. ഈ കാരണത്താൽ പൗലിസ്ത പുരോഹിതന്മാർ പ്രസംഗമണ്ഡപത്തിൽ നിന്നു പ്രസംഗിച്ചു നാം പാഷണ്ഡികളാണെന്നു പറഞ്ഞുകൊള്ളട്ടെ.... അവർ (പോർട്ടുഗീസുകാർ) മാർപ്പാപ്പായുടെയും വിശുദ്ധ മാതാവായ റോമ്മാസഭയുടെയും..... ശത്രുക്കളാണ്...... നാം അവരുടെ സ്നേഹത്തിൽ ഇരിക്കേണ്ടതല്ല; ആ (സന്യാസ) സമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കല്പനയെ നാം ശ്രദ്ധിക്കേണ്ടതും അല്ല" [8] ഈ വിളംബരത്തിൽ നിന്ന് അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചപ്പോഴും കൂനൻകുരിശുസത്യം ചെയ്തവർ മാർപ്പാപ്പായെയോ കത്തോലിക്കാ വിശ്വാസത്തെയോ ഉപേക്ഷിക്കുവാനല്ല, പ്രത്യുത പോർട്ടുഗീസു മെത്രാന്മാരുടെ അധികാരത്തിൽ നിന്നു വിമുക്തി നേടുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നു വിശദമാകുന്നു.

## മലങ്കരയിൽ യാക്കോബായ സഭയുടെ ഉത്ഭവം

തോമ്മാ അർക്കദിയാക്കോനെ അനുകൂലിച്ചുനിന്ന പലർക്കും അർക്കദിയാക്കോൻെറ മെത്രാൻപട്ടം ശരിയല്ലെന്നു പിന്നീടു മനസ്സിലായി. എത്ര പട്ടക്കാർ കൂടിയാലും മെത്രാൻ പട്ടം സാധുവായി കൊടുക്കുവാൻ സാധിക്കയില്ലെന്നും ഇട്ടിത്തൊമ്മൻ കത്തനാർ അന്നു പ്രസ്താവിച്ചതു വെറും വ്യാജമാണെന്നും

[8] T.S. Manual, II, P. 185.



ഗ്രഹിച്ചവരിൽ പലരും അർക്കദിയാക്കോനെ ഉപേക്ഷിച്ചു വീണ്ടും പോർട്ടുഗീസു മെത്രാൻെറ ഭരണത്തിൽ വന്നുചേർന്നു. എന്നാൽ, ഒരു വിഭാഗം ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിലും ആലോചനയിലും അർക്കദിയാക്കോൻെറ കക്ഷിയിൽത്തന്നെ വാശിയോടും വൈരാഗ്യത്തോടുംകൂടി നിലനിന്നു. എങ്ങനെയെങ്കിലും അർക്കദിയാക്കോൻെറ മെത്രാൻപട്ടം ശരിയാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അവർ ബാബേൽ, അന്ത്യോക്യാ, അലക്സാന്ത്രിയാ എന്നീ പ്രദേശങ്ങളിലെ പാത്രിയർക്കീസുമാരുമായി എഴുത്തുകുത്തുകൾ നടത്തി. തൽഫലമായി 1665-ൽ അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് എന്ന മെത്രാനെ കേരളത്തിലേക്കയച്ചു. കൂനൻകുരിശു സത്യം ചെയ്തിട്ട് അന്നു പന്ത്രണ്ടു സംവത്സരങ്ങൾ കഴിഞ്ഞിരുന്നു. അക്കാലത്തുപോലും അർക്കദിയാക്കോൻെറ ഭാഗത്തുനിന്നവർ കത്തോലിക്കാ വിശ്വാസത്തെയോ മാർപ്പാപ്പായുടെ അധികാരത്തെയോ ഉപേക്ഷിച്ചിരുന്നില്ലെന്ന് അർക്കദിയാക്കോനും കൂട്ടരും മാർ ഗ്രിഗോറിയോസിനു നൽകിയ സ്വീകരണത്തിൽ നിന്നു മനസ്സിലാക്കാം.

മാർ ഗ്രിഗോറിയോസ് കേരളത്തിൽ വന്ന കാലത്തു കേരളത്തിൽ അമ്പഴക്കാട്ടു വസിച്ചിരുന്ന ദെ അസ്വേദോ എന്ന ഈശോസഭാ വൈദികൻ ബരാദസ് എന്ന മറ്റൊരു ഈശോസഭാ വൈദികനു 1666 ജൂലൈ 28-ാം തീയതി അയച്ച ഒരെഴുത്തിൽ മാർ ഗ്രിഗോറിയോസിനെ അർക്കദിയാക്കോൻ സ്വീകരിച്ച വിധത്തെയും അദ്ദേഹത്തിൻെറ കുർബാന കണ്ട കേരളീയ സുറിയാനിക്കാർക്കുണ്ടായ അഭിപ്രായങ്ങളെയുംപറ്റി ഇപ്രകാരം രേഖപ്പെടുത്തുന്നു: "അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് കേരളത്തിലേക്ക് അയച്ച മെത്രാൻ രണ്ടു കൂട്ടുകാരോടുകൂടി സസുഖം കോഴിക്കോട്ടു എത്തി. ആ മെത്രാൻെറ

www.malankaralibrary.com


പേർ ഗ്രിഗോറിയോസ് എന്നായിരുന്നു. ഇദ്ദേഹം വന്ന വിവരം പെട്ടെന്നു അർക്കദിയാക്കോൻ അറിയുകയുണ്ടായി. കീഴ്‌വഴങ്ങുന്നതു സംബന്ധിച്ചുള്ള സദുദ്ദേശ്യങ്ങളൊക്കെ [x]തൽക്ഷണം മറന്നിട്ടു പുതുതായി വന്ന മേല്പട്ടക്കാരനെ അത്യാഡംബരപൂർവ്വം സ്വീകരിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ അദ്ദേഹം ചെയ്തു. ഈ മെത്രാൻെറ ആഗമനത്തെ സംബന്ധിച്ച് എല്ലാ പള്ളികൾക്കും അറിവുകൊടുക്കയും അദ്ദേഹം കടന്നു പോരാനിരുന്ന വടക്കൻ പ്രദേശങ്ങളിലെ പള്ളികളിൽ മാർപ്പാപ്പായാൽ അയക്കപ്പെടുന്ന ഒരു പാത്രിയർക്കീസിനു അനുയോജ്യമാംവിധം മാന്യരീതിയിൽ അദ്ദേഹത്തെ സ്വീകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു........ മാർ ഗ്രീഗോറിയോസ് ഇടപ്പള്ളി എന്ന സ്ഥലത്തു വന്നുചേർന്നപ്പോൾ ചില കത്തനാരന്മാരുടെയും അനേക ക്രിസ്ത്യാനികളുടെയും ഇടയിൽവച്ചു അർക്കദിയാക്കോൻ അദ്ദേഹത്തെ സ്വീകരിച്ചു. സാധാരണ ചടങ്ങുകൾക്കു ശേഷം മാർപ്പാപ്പായുടെ കല്പന വായിക്കപ്പെടുന്നതിനുവേണ്ടി അർക്കദിയാക്കോൻ അനുഗാമികളെയെല്ലാം വിളിച്ചു പറവൂരിൽ ഒരു യോഗം നടത്തി. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസ് കൊടുത്തയച്ച സാക്ഷാൽ കല്പന ഒരിക്കലും വായിക്കുകയുണ്ടായില്ല. ഇട്ടിത്തൊമ്മൻ കത്തനാർ സുറിയാനിയിൽ ഏതോ ഒരെഴുത്തു വായിച്ചു. ആ എഴുത്ത് അദ്ദേഹംതന്നെ എഴുതിയതായിരുന്നു. സുറിയാനി ഭാഷയിൽ നല്ല പാണ്ഡിത്യമുള്ള ഒരാളായിരുന്നു അദ്ദേഹം. ഇപ്രകാരം, അർക്കദിയാക്കോൻ ഉദ്ദേശിച്ചവിധത്തിൽത്തന്നെ അന്ത്യോക്യായിൽ നിന്നുവന്ന മെത്രാനെ (പൊതുജനസമക്ഷം) പ്രദർശിപ്പിക്കുയുണ്ടായി. ഇപ്രകാരമെല്ലാം

(x) ഭിന്നത അവസാനിപ്പിച്ചു നിമപ്രകാരമുള്ള കത്തോലിക്ക പോർട്ടുഗീസു മെത്രാനു കീഴ്‌വഴങ്ങുന്ന ആലോചനകളെ സംബന്ധിച്ചാണു ഇവിടെ സൂചിപ്പിക്കുന്നത് - ഗ്രന്ഥകർത്താ.



ചെയ്തിട്ടും അർക്കദിയാക്കോൻെറ ഭാഗത്തുനിന്നവർക്ക് പെട്ടെന്നു അതൃപ്തിയുണ്ടായി. അതിനുള്ള ഒന്നാമത്തെ കാരണം സാക്ഷിപത്രങ്ങളെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ ഓരോ ക്രിസ്ത്യാനിയും ഓരോ പണം വീതം മെത്രാനു കൊടുക്കണമെന്നു അർക്കദിയാക്കോൻ ആവശ്യപ്പെട്ടു. ഇങ്ങനെ ഉടനെതന്നെ അയ്യായിരം പൊൻപണം ശേഖരിച്ചു. മാത്രമല്ല, മെത്രാൻ കുർബാന ചൊല്ലിയ രീതി കണ്ടപ്പോൾ എല്ലാവർക്കും ഇടർച്ചയുണ്ടായി. വിശേഷവസ്ത്രങ്ങളൊന്നും അദ്ദേഹം ധരിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ കുർബാനയുടെ ക്രമങ്ങൾ തങ്ങളുടെ പട്ടക്കാരുടെയോ ഈശോസഭക്കാരായ പട്ടക്കാരുടെയോ കുർബാനയുടെ ക്രമങ്ങൾപോലെ അല്ലായിരുന്നു. പതിനഞ്ചു മിനിട്ടുകൊണ്ടു കുർബാന തീരുകയും ചെയതു. [x]ആകയാൽ, ഇദ്ദേഹം റോമ്മായിൽ നിന്നു വന്നതല്ല എന്നുള്ള കേൾവി വർദ്ധിച്ചു. കുർബാന ചൊല്ലുന്നതിലുള്ള ഈ വ്യത്യാസങ്ങളെ സംബന്ധിച്ചു ജനങ്ങളുടെ ഇടയിലുള്ള സംസാരം വളരെ വർദ്ധിച്ചു. തന്നിമിത്തം ഉണ്ടാകാവുന്ന ദുഷ്ഫലങ്ങളെ ഭയന്നു കേരളത്തിൽ പരിചിതമായ വസ്ത്ര ങ്ങളും ക്രമങ്ങളും കുർബാനയിൽ ഉപയോഗിക്കുവാൻ അർക്കദിയാക്കോൻ മെത്രാനെ പ്രേരിപ്പിച്ചു. പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നതൊഴിച്ചു മറ്റെല്ലാക്കാര്യങ്ങളും ചെയ്യാമെന്ന് അദ്ദേഹം സന്തോഷപൂർവ്വം സമ്മതിച്ചു. ഈശോസഭയിൽപ്പെട്ട വൈദികരുടെ സ്വാധീനശക്തിയായിരുന്നു ഈ മെത്രാൻെറ ജോലി പരാജയപ്പെടുന്നതിനുള്ള വേറൊരു കാരണം. പുതുതായി വന്ന മെത്രാനെ സംബന്ധിച്ചുള്ള വിവരങ്ങൾ നല്കുകയും എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചിരുന്ന ആളുകളുടെ സംശയങ്ങളെല്ലാം തീർക്കുകയും ചെയ്തുകൊണ്ടു നിശ്ശബ്ദമായിട്ടാണെങ്കിലും

(x) യാക്കോബായ സഭയിൽ 98 കുർബാനക്രമങ്ങൾ ഉണ്ട്. ഇവയിൽ ചിലതു ദീർഘവും ചിലതു ഹ്രസ്വവുമാണ്.

www.malankaralibrary.com


വളരെ ഫലവത്തായി ഈശോസഭാ വൈദീകർ ജനങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. ഇക്കാര്യം പെട്ടെന്നു മനസ്സിലാക്കിയ ഗ്രിഗോറിയോസ് കൊച്ചിയിലേക്കുപോയി തൻെറ ജോലിയെ തടയുന്ന ശത്രുക്കൾക്കെതിരായി പ്രവർത്തിപ്പാൻ ഡച്ചു അധികാരികളുടെ സഹായം അഭ്യർത്ഥിച്ചു. 'അവിടുന്നു എവിടെനിന്നാണു വരുന്നത്?' എന്നു കൊച്ചിയിലെ ഗവർണ്ണർ അദ്ദേഹത്തോടു ചോദിച്ചു. 'റോമായിൽ നിന്നല്ല ഞാൻ വരുന്നത്; ഞാൻ വരുന്നത് അന്ത്യോക്യായിൽ നിന്നാണ്. അന്ത്യോക്യായിലെ പാത്രിയർക്കീസ് എന്നെ ഇവിടേക്കു അയച്ചു' ഈ ഉത്തരം ഗവർണ്ണർക്കു വളരെ തൃപ്തികരമായെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ അക്കാലത്തു പ്രോട്ടസ്റ്റൻറു സഭക്കാരായ ഡച്ചു ഉദ്യോഗസ്ഥന്മാർക്കു റോമായിൽ നിന്നുള്ളതെല്ലാം നിന്ദ്യമായിട്ടാണു തോന്നിയിരുന്നത്. ഗ്രിഗോരിയോസിൻെറ അഭ്യർത്ഥനയെ സംബന്ധിച്ചു ഗവർണ്ണർ അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു: 'കത്തനാർമാർ വിവാഹം കഴിക്കുന്നതിനായി ഇടവരുത്തുക:; വിശുദ്ധന്മാരുടെ പ്രതിമകൾ പള്ളികളിൽ നിന്നു വലിച്ചെറിയുവാൻ കല്പന നൽകുക; ജനങ്ങൾക്കു കുമ്പസാരിക്കുവാൻ അനുവദിക്കാതിരിക്കുക'. ഇതിനു മറുപടിയായി ഗ്രിഗോരിയോസ് ഇങ്ങനെ പറഞ്ഞു – 'ഈശോസഭാ വൈദികർ ഇവിടെ ഉള്ളതുകൊണ്ടു ആറുമാസത്തിനകം ഈ കാര്യങ്ങളെല്ലാം നടത്താൻ അത്ര എളുപ്പമായിരിക്കയില്ല. എങ്കിലും എന്നാൽ കഴിവതു ഞാൻ ശ്രമിച്ചുനോക്കാം.' ഉടനെ ഗവർണ്ണർ 'അങ്ങനെയെങ്കിൽ അവർക്കെതിരായി ഞാൻ അവിടുത്തെ സഹായിക്കുന്നതാണു' എന്നു മറുപടി പറഞ്ഞു." (9)

(9) The letter of Fr. F.d' Azvedo to Fr. A. Barradas, Ambalagad, July 28th, 1666 Archives of the Society of Jesus.



ഈ എഴുത്തിലെ താഴെപ്പറയുന്ന കാര്യങ്ങൾ എത്രയും ശ്രദ്ധാർഹമത്രെ.

1. മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ കേരളത്തിൽ വന്നപ്പോഴും അർക്കദിയാക്കോൻെറ കക്ഷിയിൽ നിന്ന ജനങ്ങൾ കത്തോലിക്കാസഭയുടെ വിശ്വാസത്തിൽത്തന്നെ നിലനിന്നിരുന്നു. മാർപ്പാപ്പായുടെ അധികാരത്തിൽത്തന്നെയാണു തങ്ങൾ അപ്പോഴും ഇരിക്കുന്നതെന്നു പൂർണ്ണമായി അവർ വിശ്വസിച്ചിരുന്നു.
2. മാർ ഗ്രിഗോറിയോസ് റോമ്മാ മാർപ്പാപ്പായാൽ അയയ്ക്കപ്പെട്ട മെത്രാനല്ലെന്ന് അറിഞ്ഞാൽ കേരളത്തിലെ ജനങ്ങൾ പ്രക്ഷോഭമുണ്ടാക്കയും അദ്ദേഹത്തെ സ്വീകരിക്കാതിരിക്കയും ചെയ്തേക്കുമെന്നു ഭയന്നു മാർപ്പാപ്പായാൽ അയയ്ക്കപ്പെട്ട മെത്രാനാണ് അദ്ദേഹം എന്നു ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹത്തിനു മാർപ്പാപ്പായാൽ അയയ്ക്കപ്പെടുന്നവർക്ക് സാധാരണമായി നല്കുന്നവിധം ബഹുമാനപൂർവ്വമായ സ്വീകരണം നല്കുന്നവാൻ അർക്കദിയാക്കോൻ ചില നിർദ്ദേശങ്ങൾ നല്കി.
3. കള്ളയെഴുത്തുകൾ ഉണ്ടാക്കുന്നതിൽ വിരുതനായി ഇട്ടിത്തൊമ്മൻ കത്തനാർ സുറിയാനിയിൽ ഒരെഴുത്തുണ്ടാക്കി അതു മാർപ്പാപ്പായുടെ എഴുത്താണെന്നു പറഞ്ഞു വായിച്ചു ജനങ്ങളെ കബളിപ്പിക്കുന്നു. മാർ ഗ്രിഗോരിയോസിനു യാക്കോബായ പാത്രിയർക്കീസ് കൊടുത്തയച്ച സാക്ഷാൽ എഴുത്തു പുറത്തെടുക്കുന്നതിന് അനുവദിക്കുന്നില്ല.
4. ഇങ്ങനെ, മാർപ്പാപ്പായാൽ അയയ്ക്കപ്പെട്ട മെത്രാനാണ് ഗ്രിഗോറിയോസെന്നു കേരളീയ ക്രിസ്ത്യാനികളെ ധരിപ്പിക്കുവാൻ അർക്കദിയാക്കോനും ഇട്ടിത്തൊമ്മൻ

www.malankaralibrary.com


കത്തനാരും വളരെ പണിപ്പെട്ടുവെങ്കിലും ജനങ്ങൾ ഉള്ളു കള്ളികൾ മനസ്സിലാക്കി പ്രക്ഷോഭണം തുടങ്ങുന്നു.

5. മാർ ഗ്രിഗോറിയോസിൻെറ യാക്കോബായ രീതിയിലുള്ള കുർബാന കേരളത്തിലെ സുറിയാനിക്കാർക്കു സുപരിചിതമായിരുന്ന കൽദായ സുറിയാനി രീതിയിലുള്ള കുർബാനയോ പിന്നീടു കേരളീയർ പരിചയിച്ച പോർട്ടുഗീസ് വൈദികരുടെ ലത്തീൻ രീതിയിലുള്ള കുർബാനയോ പോലെ അല്ലെന്നു ജനങ്ങൾ ഗ്രഹിച്ചതോടുകൂടി റോമ്മാ മാർപ്പാപ്പായാൽ അയ്ക്കപ്പെട്ട മെത്രാനല്ല മാർ ഗ്രിഗോരിയോസ് എന്നു അവർ ഖണ്ഡിതമായി മനസ്സിലാക്കുന്നു.

6. വരാൻപോകുന്ന അത്യാപത്തിനെയും ദുഷ്ഫലങ്ങളെയും കണ്ടുകൊണ്ട് അർക്കദിയാക്കോൻ ഭയപ്പെട്ടു മാർ ഗ്രിഗോരിയോസിൻെറ യാക്കോബായ രീതിയിലുള്ള കുർബാനയ്ക്കു വ്യത്യാസം വരുത്തി മലങ്കര നസ്രാണികൾക്കു പരിചയമുള്ള കൽദായ സുറിയാനി രീതിക്ക് അനുയോജ്യമായ വിധത്തിൽ കുർബാന ചൊല്ലാൻ അദ്ദേഹത്തോടു ആവശ്യപ്പെടുന്നു. അദ്ദേഹം അതിനു സമ്മതിക്കുന്നു.

7. ഇങ്ങനെയൊക്കെ ചെയ്തിട്ടും മാർ ഗ്രിഗോറിയോസിന് ഉദ്ദേശിച്ച വിധത്തിലുള്ള വിജയം ഉണ്ടായില്ല. ഈശോസഭാ വൈദികർ സംശയഗ്രസ്തരായ ജനങ്ങൾക്കു വേണ്ട അറിവു നല്കിയിരുന്നതുകൊണ്ട് ഭിന്നിച്ചു നിന്ന അനേകർ ഗ്രിഗോറിയോസിനെ ഉപേക്ഷിച്ചിട്ടു കത്തോലിക്കാ വിശ്വാസത്തിലേക്കും മാർപ്പാപ്പായുടെ അനുസരണത്തിലേക്കും വീണ്ടും വന്നു.

8. ഈശോസഭാ സന്യാസികളുടെ സ്വാധീനം കുറയ്ക്കുന്നതിനു ഗ്രിഗോറിയോസ് പ്രോട്ടസ്റ്റൻറുകാരനായ ഡച്ചു ഗവർണ്ണരുടെ സഹായം അപേക്ഷിക്കുന്നു.



അർക്കദിയാക്കോനെയും ഇട്ടിത്തൊമ്മൻ കത്തനാരെയും അനുകൂലിച്ചു നിന്നവർ ഒടുവിൽ മാർ ഗ്രിഗോറിയോസിനെ സ്വീകരിക്കയും അങ്ങനെ കേരളത്തിൽ യാക്കോബായ സഭ ഉണ്ടാകുകയും ചെയ്തു.

അമ്പഴക്കാട്ടുള്ള ഈശോസഭാ സന്യാസിമാർക്കെതിരായി മാർ ഗ്രിഗോറിയോസും ഡച്ചു ഗവർണ്ണരും തമ്മിൽ ഉണ്ടാക്കിയ കൂട്ടുകെട്ടു അധികകാലം പ്രവൃത്തിയിൽ വരുത്താൻ സാധിച്ചില്ല. 1670- മാർ ഗ്രിഗോറിയോസ് നിര്യാതനായി പറവൂർ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. അക്കൊല്ലം തന്നെ തോമാ അർക്കദിയാക്കോനും മരണം പ്രാപിച്ചു. ഇങ്ങനെ, 1653-ൽ കൂനൻ കുരിശു സത്യം ചെയ്ത കത്തോലിക്കാ സഭാംഗങ്ങളിൽ ഒരു വിഭാഗക്കാർ പന്ത്രണ്ടു സംവത്സരം കഴിഞ്ഞ്, 1665-ൽ കേരളത്തിൽവന്ന മാർ ഗ്രിഗോറിയോസിൻെറ കാലത്തു മാത്രമാണു യാക്കോബായ വിശ്വാസം സ്വീകരിച്ചു കത്തോലിക്കാ സഭയെയും മാർപ്പാപ്പായെയും ഉപേക്ഷിക്കുന്നതിന് ഇടയായത്. തോമ്മാ അർക്കദിയാക്കോൻെറ അപേക്ഷപ്രകാരം വിദേശത്തു നിന്ന് ഒരു നെസ്തോറിയൻ മെത്രാനോ, യവുനായ (ഗ്രീക്കു) മെത്രാനോ ആയിരുന്നു കേരളത്തിൽ വന്നിരുന്നതെങ്കിൽ ഇന്നു കേരളത്തിൽ യാക്കോബായ സഭയുടെ സ്ഥാനത്തു നെസ്തോറിയൻ സഭയോ ഗ്രീക്കുസഭയോ കാണുമായിരുന്നു. ആകയാൽ, യാക്കോബായസഭ കേരളത്തിൽ ഉത്ഭവിച്ചത് ആകസ്മികമായി ഉണ്ടായ സംഭവം- തോമ്മാ അർക്കദിയാക്കോൻെറ മെത്രൻപട്ടം സാധുവാക്കാനുള്ള ശ്രമം - നിമിത്തമത്രേ.

1665-ൽ കേരളത്തിൽ വന്ന മാർ ഗ്രിഗോറിയോസിനു മുമ്പു കേവലം സന്ദർശകരായി വല്ല യാക്കോബായ വൈദികരോ മേല്പട്ടക്കാരോ ഇവിടെ വന്നിരിക്കാമെന്നല്ലാതെ 1665 വരെ കേരളീയ സഭയുടെമേൽ യാക്കോബായ പാത്രിയർക്കീസിനു

www.malankaralibrary.com



യാതൊരു അധികാരവും ഉണ്ടായിരുന്നില്ലെന്നു അസ്സെമാനി [10], പൗളീനോസ് [11] ഫ്രാൻസിസ്ഡേ [12] ആദിയായ വിദേശീയ ചരിത്രപണ്ഡിതന്മാർ നിസ്സംശയം അഭിപ്രായപ്പെടുന്നു.

കേരളത്തിൽ അന്നുവരെ കേട്ടിട്ടില്ലാതിരുന്ന യാക്കോബായ വിശ്വാസങ്ങൾ മാർ ഗ്രിഗോരിയോസ് ഇവിടെ പ്രചരിപ്പിച്ചു തുടങ്ങി. ലെഓൻ ഒന്നാമൻ മാർപ്പാപ്പാ നെസ്തോറിയസിനെപ്പോലെ പാഷണ്ഡിയാണ്, അന്ത്യോക്യായിലെ യാക്കോബായസഭയാണു ലോകത്തിന്റെ “മാതാവും ശിരസ്സും”, മിശിഹായിൽ ഒരു സ്വഭാവമേ ഉള്ളു[×], പരിശുദ്ധാത്മാവു പിതാവിൽനിന്നു മാത്രം പുറപ്പെടുന്നു, ശുദ്ധീകരസ്ഥലം ഇല്ല, പുളിച്ച അപ്പം ഉപയോഗിച്ചെങ്കിൽ മാത്രമേ വി. കുർബാന വാസ്തവമാകയുള്ളു എന്നിവയായിരുന്നു ഗ്രിഗോറിയോസിന്റെ നവീനോപദേശങ്ങളിൽ ചിലത്. മാർ ഗ്രിഗോറിയോസിനെ നിയമാനുസൃത മെത്രാനായി സ്വീകരിച്ച അർക്കദിയാക്കോന്റെ കക്ഷിക്കു പുത്തൻകൂറ്റുകാരെന്നും (പുതിയ വിഭാഗക്കാർ) ലത്തീൻ മെത്രാന്റെ ഭരണത്തിലാണെങ്കിലും പഴയ കത്തോലിക്കാ വിശ്വാസത്തിൽത്തന്നെ നിന്നവർക്കു പഴയകൂറ്റുകാരെന്നും (പഴയ വിഭാഗക്കാർ) ഉള്ള പേർ അന്നു മുതൽ കേരളത്തിൽ നടപ്പായി.

മാർ ഗ്രിഗോരിയോസിനെ സ്വീകരിച്ചിട്ടും അർക്കദിയാക്കോന്റെ കക്ഷിയിൽപ്പെട്ട പട്ടക്കാർ ഉടനെ യാക്കോബായ (അന്ത്യോക്യാ സുറിയാനി) റീത്തു സ്വീകരിക്കാതെ നേരത്തെ പരിചയിച്ചിരുന്ന കത്തോലിക്ക (കൽദായ സുറിയാനി) റീത്തി

---

(10) Asscman, Bibl. Orient, Theol. IV p. 461.

(11) Paulinus, India Orientalis Christiana, p. 25, note.

(12) Francis Day, The land of Perumials.

(×) എവുത്തിക്കോസ് പഠിപ്പിച്ചവിധമല്ലായിരിക്കണം ഗ്രിഗോരിയോസ് ഉപദേശിച്ച ഏകസ്വഭാവവിശ്വാസം.



ലാണു ഇരുന്നൂറു കൊല്ലത്തോളം വി. കുർബാന, കൂദാശകൾ, ശവസംസ്ക്കാരം എന്നിവ നടത്തിയിരുന്നത്. 1846-ൽ അന്ത്യോക്യായിൽ നിന്നു വന്ന മാർ കൂറിലോസു മെത്രാന്റെ കാലത്തേ മലങ്കര യാക്കോബായക്കാർ ഇന്നു നിലവിലിരിക്കുന്ന അന്ത്യോക്യാ സുറിയാനി റീത്തിൽ കർമ്മങ്ങൾ നടത്താൻ തുടങ്ങിയുള്ളു. 1875-ൽ കേരളത്തിൽ വന്ന പത്രോസ് പാത്രിയർക്കീസിന്റെ കാലത്തു യാക്കോബായക്കാർ കൽദായ റീത്തു നിശ്ശേഷം മാറ്റി അന്ത്യോക്യാ സുറിയാനി റീത്തു പൂർണ്ണമായി സ്വീകരിച്ചു. പട്ടക്കാർ ഉണ്ടായിരുന്ന പഴയ ചില യാക്കോബായ ഭവനങ്ങളിൽ അവർ ഉപയോഗിച്ചിരുന്ന കൽദായ റീത്തിലെ കുർബാനക്രമം, കൂദാശക്രമം, നമസ്ക്കാപുസ്തകം എന്നിവ ഇപ്പോഴും കാണാവുന്നതാണ്. കല്ലൂപ്പാറ മാരേട്ട് എബ്രഹാം അച്ചന്റെ അപ്പൻ, പത്തനംതിട്ട ഓമല്ലൂർ പീടികയിൽ ഗീവറുഗീസച്ചന്റെ അപ്പൻ എന്നീ പട്ടക്കാർ യാക്കോബായ സഭയിൽ വെച്ചു ഉപയോഗിച്ചിരുന്ന കൽദായ സുറിയാനി ഗ്രന്ഥങ്ങൾ അവരുടെ മക്കളായ പട്ടക്കാരുടെ കൈവശം ഉണ്ടായിരുന്നു. പീടികയിൽ വല്യച്ചൻ ഉപയോഗിച്ചിരുന്ന കുർബാനക്രമം ബ. ഗീവർഗീസച്ചൻ പെ. ബ. പ്ലാസിഡച്ചനെ ഏല്പിക്കയുണ്ടായി. ഈ വല്യച്ചന്റെ ഒരു സുറിയാനി ഗ്രന്ഥത്തിൽ ഹനാൻവെള്ളം (കത്തോലിക്കർ തൊട്ടു കുരിശു വരയ്ക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന ആശീർവദിക്കപ്പെട്ട വെള്ളം) ആശീർവദിക്കുന്നതിനുള്ള ക്രമം എഴുതിച്ചേർത്തിരിക്കുന്നു. യാക്കോബായ സഭയിൽ ഹനാൻവെള്ളമേ ഇല്ല! തൃശൂരും കുന്നംകുളത്തുമുള്ള യാക്കോബായ പട്ടക്കാർ ഇപ്പോഴും ശവസംസ്ക്കാരവേളയിൽ കൽദായ സുറിയാനി റീത്തിലുള്ള “പൂശ് ബശ്ലാമാ ഉമ്റാ ദ്സവ്നാ” ആദിയായ ഗീതങ്ങൾ വീട്ടിൽ നിന്നു പള്ളിയിലേക്കു മൃതശരീരം കൊണ്ടുപോകുമ്പോൾ പാടിവരുന്നു. ഇവയെല്ലാം മലങ്കര സുറിയാനിക്കാരിൽ ഒരു വിഭാഗം 1665-ൽ യാക്കോ

www.malankaralibrary.com


ബായ വിശ്വാസം സ്വീകരിച്ചിട്ടും കത്തോലിക്കാ സഭയോടും, കൽദായ സുറിയാനി റീത്തിനോടുമുള്ള പഴയ ബന്ധം ഇതുവരെും നിശ്ശേഷം പരിത്യജിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്നു.

മലയാളഭാഷയിൽ പ്രചാരത്തിലിരിക്കുന്ന എല്ലാ സുറിയാനി വാക്കുകളും കൽദായ സുറിയാനി വാക്കുകളാണ്. യാക്കോബായക്കാർ ഉപയോഗിക്കുന്ന അന്ത്യോക്യാ സുറിയാനി വാക്കുകളല്ല. ഉദാഹരണത്തിനു ചില പദങ്ങൾ താഴെ ചേർക്കുന്നു.

| കൽദായ സുറിയാനി | അന്ത്യോക്യാ സുറിയാനി |
|---|---|
| കൂദാശ | കൂദോശോ |
| കാസ | കോസോ |
| മാമോദീസാ | മാമൂദിസോ |
| കുർബാന | കുർബോനോ |
| ഓശാന | ഊശാന |
| ഈശോ | യേശു |
| യോഹന്നാൻ | യൂഹാനോൻ |
| യാക്കോബ് | യാക്കൂബ് |
| റമ്പാൻ | റാബോൻ |
| യാക്കോബായ | യാക്കൂബോയോ |

പട്ടക്കാർ തന്നെയും നന്നായിട്ടു അന്ത്യോക്യാ സുറിയാനി പഠിച്ചിട്ടും മലയാളഭാഷ സംസാരിക്കയിൽ കോസോ, മാമൂദീസോ, കുർബോനോ, ഊശാന ഞായറാഴ്ച, റാബോൻ, യാക്കൂബോയോ എന്നൊക്കെ പറയാതെ കാസാ, മാമോദീസാ, കുർബാനാ, ഓശാന ഞായറാഴ്ച, റമ്പാൻ, യാക്കോബായ എന്നീ കൽദായ സുറിയാനി പദങ്ങൾ ഇക്കാലത്തും ഉപയോഗിച്ചുവരുന്നു. അതുപോലെ യാക്കോബായ പട്ടക്കാർ മാമോദീസാ



നടത്തുകയിൽ യേശു, യൂഹാനോൻ, യാക്കൂബ് എന്നിങ്ങനെ അന്ത്യോക്യാ സുറിയാനിയിൽ പേരു കൊടുക്കുമെങ്കിലും മലയാളത്തിൽ അവരെ വിളിച്ചുവരുന്നതു ഇക്കാലത്തും ഈശോ, യോഹന്നാൻ, യാക്കോബ് എന്നീ കൽദായ സുറിയാനിയിലാണ്. എന്തായിരിക്കാം ഇതിൻെറ അർത്ഥം? അന്ത്യോക്യാ സുറിയാനിയേക്കാൾ കൽദായ സുറിയാനിയാണു കേരളത്തിൽ പഴക്കമുള്ളതെന്നും ഇപ്പോൾ യാക്കോബായ സഭയിൽ ഉപയോഗിച്ചുവരുന്ന സുറിയാനിയും അന്ത്യോക്യാ സുറിയാനി റീത്തും പുതുതായി മലങ്കരയിൽ ഉണ്ടായതാണെന്നും അല്ലേ? അല്ലെങ്കിൽ കേരളത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച ഒരു സുറിയാനി പദവും അന്ത്യോക്യാ സുറിയാനി ശബ്ദത്തിൽ ആകാത്തതിൻെറ കാരണമെന്ത്?

കേരളത്തിലെ കത്തോലിക്കചരിത്രകാരന്മാർക്കു മലങ്കരസഭ അപ്പൊസ്തോലിക കാലം തുടങ്ങി കത്തോലിക്ക വിശ്വാസത്തിലായിരുന്നെന്നു സ്ഥാപിക്കുന്നതു അഭിമാനകരമായി തോന്നാം. എന്നാൽ വിദേശികളായ ചരിത്രകാരന്മാർക്കു മലങ്കരസഭ ആദിമകാലം തുടങ്ങി റോമാ മാർപ്പാപ്പായുടെ അധികാരത്തെ സ്വീകരിച്ചിരുന്നെന്നും 1665-ൽ മാത്രമാണു യാക്കോബായസഭ കേരളത്തിൽ ഉത്ഭവിച്ചതെന്നും സ്ഥാപിച്ചിട്ടു യാതൊരു കാര്യലാഭവുമില്ല. അസ്സെമാനി, ജ്യമീൻ, പൗളീനോസ്, ഫ്രാൻസിസ് ഡേ, ബെൽട്രാമി, ഷൂർഹാമർ, ഹെരാസ് ആദിയായ സുപ്രസിദ്ധ ചരിത്രകാരന്മാരും ഗവേഷണപടുക്കളും അഖിലലോക പ്രശസ്തി സമ്പാദിച്ചിട്ടുള്ളവരുമായ വിദേശീയ പണ്ഡിതന്മാർ സിറിയ, ഇറ്റലി, ഫ്രാൻസ്, ജർമ്മനി, ഇംഗ്ലണ്ട്, സ്പെയിൻ ആദിയായ വിഭിന്ന രാജ്യങ്ങളിലെ കേൾവികേട്ട ഈ പണ്ഡിതർ - മലങ്കരസഭ പുരാതനകാലം തുടങ്ങി കത്തോലിക്ക വിശ്വാസത്തിലും റോമാ മാർപ്പാപ്പായുടെ ഐക്യത്തിലുമായിരുന്നെന്നും

www.malankaralibrary.com


യാക്കോബായസഭ 1665-ൽ മാർ ഗ്രിഗോരിയോസിൻെറ ആഗമത്തോടുകൂടി മാത്രമാണു കേരളത്തിൽ ഉത്ഭവിച്ചതെന്നും അനിഷേധ്യമായ നിരവധി ചരിത്രരേഖകളെ ആസ്പദമാക്കി തങ്ങളുടെ ഗ്രന്ഥങ്ങളിൽ സ്ഥാപിച്ചിരിക്കേ അവ നിർവിശങ്കം തള്ളിക്കളയുന്നതു വിദ്വജ്ജനത്തിനു ഭൂഷണമോ?

കേരളത്തിൽ യക്കോബായ സഭ ഉത്ഭവിച്ചിട്ടു മുന്നൂറു കൊല്ലം പുർത്തിയായി ഇക്കഴിഞ്ഞ 1965-ൽ. 1665 വരെ കേരളീയ ക്രിസ്ത്യാനികളെല്ലാം കത്തോലിക്കാ വിശ്വാസികളായിരുന്നു. യാക്കോബായസഭ ഉണ്ടായശേഷമാണു മാർത്തോമ്മാ, പ്രോട്ടസ്റ്റൻറ്, നെസ്തോറിയൻ (സുറായി); ബ്രദറൺ, പെന്തിക്കോസ്ത് ആദിയായ സഭകൾ കേരളത്തിൽ ഉണ്ടായത്. എല്ലാ ക്രൈസ്തവസഭകളും മാതൃസഭയായ കത്തോലിക്കാസഭയോടു യോജിച്ചു പുരാതന സ്ഥിതിയിൽ ഒന്നാകുവാൻ ഇടവന്നിരുന്നെങ്കിൽ!

## കൂനൻകുരിശു സത്യത്തെപ്പറ്റി യാക്കോബായ സാക്ഷ്യങ്ങൾ

കൂനൻകുരിശുസത്യം നടന്നതു കത്തോലിക്കാസഭയോടോ മാർപ്പാപ്പായോടോ ഉള്ള വിദ്വേഷംകൊണ്ടല്ല; പോർട്ടുഗീസുകാരോടുള്ള വിദ്വേഷവും വൈരാഗ്യവും കൊണ്ടാണെന്നു നിരവധി യാക്കോബായ രേഖകൾതന്നെയും ചൂണ്ടിക്കാണിക്കുന്നു.

1. മലങ്കര യാക്കോബായ ചരിത്രകാരന്മാരിൽ പ്രമുഖനായ ശ്രീ. ഈ.എം. ഫിലിപ്പ് ഇപ്രകാരം എഴുതിയിരിക്കുന്നു: "സുറിയാനിക്കാർക്കുണ്ടായ കോപത്തിനും മനോവേദനയ്ക്കും അതിരില്ലായിരുന്നു. അവരെല്ലാം മട്ടാഞ്ചേരിയിൽ കൂടി കൂനൻകുരിശു എന്ന അപരാഭിധാനത്താൽ സുപ്രസിദ്ധമായ വലിയ കൽക്കുരിശിൽ ഒരു കയർകെട്ടി



അതിന്മേൽ പിടിച്ചുകൊണ്ടു തങ്ങളുടെ വന്ദ്യ പാത്രിയർക്കീസിനെ ഹിംസിച്ചവരായ ജെസീത്തു (ഈശോസഭ) ബിഷപ്പിനേയും റോമാസഭയേയും ഇനി ഒരിക്കലും സ്വീകരിക്കയില്ലെന്നു സത്യംചെയ്തു." [13] അങ്ങാടിയിൽ തോറ്റതിന് അമ്മയോടു പരിഭവിക്കേണ്ട ആവശ്യമില്ലല്ലോ. ഈശോസഭാ മെത്രാനോടു വിദ്വേഷം ഉണ്ടായതുകൊണ്ടു പെട്ടെന്നു റോമ്മാ സഭയെ സ്വീകരിക്കയില്ലെന്നു സത്യം ചെയ്യേണ്ട ആവശ്യമൊന്നും കാണുന്നില്ല. റോമ്മാ സഭ അഹത്തള്ളായെ ഹിംസിച്ചുമില്ല.

2. തോമ്മാ അർക്കദിയാക്കോൻെറ മെത്രാൻ സ്ഥാനം ശരിയല്ലെന്നു മനസ്സിലാക്കിയ കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടിക്കത്തനാർ തോമ്മാ അർക്കദിയാക്കോനെ ഉപേക്ഷിച്ചു വീണ്ടും പോർട്ടുഗീസു മെത്രാൻെറ അധികാരത്തിനു വിധേയനായി. അപ്പോൾ ഇട്ടിത്തൊമ്മൻ കത്തനാർ ചാണ്ടി കത്തനാരെ ആക്ഷേപിച്ച് ഇപ്രകാരം എഴുതിയതായി ശ്രീ. ഈ.എം. ഫിലിപ്പ് പ്രസ്താവിക്കുന്നു: "ഓവിയാകപ്പെട്ട അനുജൻ കടവിൽ ചാണ്ടി കത്തനാരച്ചൻ കണ്ടു എന്നാൽ.... നൊം എല്ലാവരും മട്ടാംചേരിയിൽ കൂടി സത്യം ചെയ്തുകഴിഞ്ഞയുടനെ ഇതിനൊക്കെയും ഭേദം വരുമെന്നും ചില അൽമ്മെനികൾ പറഞ്ഞപ്പോൾ ഒരു ഒണക്കകെമ്പ് ഞാൻ ഒടിച്ചു ഇതു മുറികൂടുമ്പോൾ അല്ലാതെ പറങ്കികളും നൊമ്മളും കൂടെ ഒരുമെപ്പെടുകയില്ലെന്നും പറഞ്ഞശേഷം ഇട്ടിത്തൊമ്മച്ചൻ പറഞ്ഞതു ഒരു നിവ്യസുഖമാകുന്നുയെന്നും ആയതിനു ഭെദം വരികയില്ലെന്നും പറഞ്ഞ അനുജൻെറ നാക്കെൽ തൊട്ടാൽ കൊള്ളാമെന്നു എൻെറ കയി ആശപ്പെടുന്നുതാനും........ ഇപ്പടിക്കു ഇട്ടി

---

[13] മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ പുറം 144.

www.malankaralibrary.com



ത്തൊമ്മൻ കത്തനാര എഴുത്ത് ചുങ്കത്തിപള്ളിയിൽ നിന്നും." [14] കൂനൻകുരിശു സത്യത്തിനുശേഷം ഉണങ്ങിയ ഒരു കൊമ്പ് ഒടിച്ച് "ഈ കൊമ്പു മുറികൂടുന്നതുവരെ സുറിയാനിക്കാരും പറുങ്കികളും തമ്മിൽ യോജിക്കുന്നതല്ല" എന്ന് ഇട്ടിത്തൊമ്മൻ കത്തനാർ പറഞ്ഞപ്പോൾ അതൊരു പ്രവചനമാണെന്നും അതിനൊരിക്കലും മാറ്റം വരികയില്ലെന്നും പറഞ്ഞ കടവിൽ ചാണ്ടിക്കത്തനാർ തോമ്മാ അർക്കദിയാക്കോനെ ഉപേക്ഷിച്ച് ഇത്ര വേഗം പറുങ്കികളോടു യോജിച്ചതു ലജ്ജാവഹമല്ലേ എന്നാണു ഇട്ടിത്തൊമ്മൻ കത്തനാരുടെ ഈ എഴുത്തിൻെറ സാരം. ഈ എഴുത്തിൽ പറുങ്കികളെയല്ലാതെ കത്തോലിക്കാസഭയെയോ മാർപ്പാപ്പായെയോ കൂനൻകുരിശുസത്യം ചെയ്തവർ ഉപേക്ഷിച്ചതായി പറയുന്നില്ലല്ലോ. ശ്രീ. ഈ.എം. ഫിലിപ്പ് നൽകുന്ന സാക്ഷ്യമാണു ഇത്.

3. 18-ാം ശതാബ്ദത്തിൻെറ ആരംഭത്തിൽ കേരളത്തിലെ ഒരു യാക്കോബായ വൈദികനായ മത്തായി "(മലങ്കരയിലെ) സുറിയാനിക്കാർക്ക് സംഭവിച്ച സംഭവങ്ങളും അവരുടെ ചരിത്രവും" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ സുറിയാനി ഗ്രന്ഥത്തിൽ കൂനൻകുരിശു സത്യത്തെപ്പറ്റി ഇപ്രകാരം എഴുതുന്നു: "സുറിയാനിക്കാരെല്ലാം കൊച്ചീക്കു സമീപമുള്ള മട്ടാഞ്ചേരിയിൽ ഒരുമിച്ചുകൂടി പറുങ്കികളെയും അവരുടെ സന്തതികളെയും ഒരുകാലത്തും അനുസരിക്കയില്ലെന്നു സകല സുറിയാനിക്കാരും ദൈവനാമത്തിൽ ഏറ്റം പരിശുദ്ധമായ ബലിപീഠത്തിൻ മുമ്പാകെ സത്യം ചെയ്തു. ഈ വാക്കുകളെ അവർ എഴുതിയിടുകയും ചെയ്തു. ആമ്മേൻ." [15]

---

(14) ടി. പുസ്തകം പുറം 146.

(15) Giamil, Genuinae relationes - p. 558.



4. 1728 മുതൽ 1765 വരെ മലങ്കര യാക്കോബായ സഭയെ ഭരിച്ച അഞ്ചാം മാർത്തോമ്മാ കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുവാൻ ആഗ്രഹിച്ച് 1748-ൽ റോമ്മായിലേക്കു അയച്ച അപേക്ഷയിൽ കൂനൻകുരിശു സത്യത്തെപ്പറ്റി ഇപ്രകാരം പറയുന്നു: "അന്ത്യോക്യായിൽ നിന്നു മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ഇവിടെ വന്നു. ഞങ്ങളും അദ്ദേഹവുമായി യാതൊരു കൂട്ടുകെട്ടും ഉണ്ടാകാതിരിക്കുന്നതിനായി പോർട്ടുഗീസുകാർ അദ്ദേഹത്തെ തടവിലാക്കി..... അദ്ദേഹത്തിൻെറ കഴുത്തിൽ കല്ലുകെട്ടി കടലിലേക്കു എറിഞ്ഞുകളഞ്ഞു. ഇക്കാരണത്താൽ പോർട്ടുഗീസുകാരും ഞങ്ങളും തമ്മിൽ ഐകമത്യവും യോജിപ്പും മേലാലൊരിക്കലും ഉണ്ടാകുന്നതല്ലെന്നും ഞങ്ങൾ സത്യം ചെയ്തു....... അവസാനമായി ഞങ്ങൾക്ക് ഒരു മെത്രാനെ കിട്ടി. (മാർ ഗ്രിഗോരിയോസ്). എന്നാൽ അദ്ദേഹം എവിടെ നിന്നുവന്നെന്നും എന്തു പ്രവർത്തിച്ചെന്നും അറിയാതെ ഞങ്ങളുടെ ആളുകളിൽ പലരും അദ്ദേഹത്തെ അനുസരിച്ചിട്ടുണ്ട്." [16]

കത്തോലിക്ക വിശ്വാസത്തോടൊ മാർപ്പാപ്പായോടൊ ഉള്ള വിദ്വേഷം കൊണ്ടല്ല, പോർട്ടുഗീസുകാർ ഇഗ്നാത്തിയോസിനെ കടലിൽ താഴ്ത്തിക്കൊന്നതായി വിശ്വസിച്ചിരുന്നതിനാൽ പോർട്ടുഗീസുകാരോടു ഒരിക്കലും യോജിപ്പിലും ഐക്യത്തിലും വർത്തിക്കുന്നതല്ലെന്നാണ് മലങ്കര നസ്രാണികൾ സത്യം ചെയ്തതെന്ന് ഈ അപേക്ഷയിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ. മാർ ഗ്രിഗോരിയോസിൻെറ ആഗമത്തെയും അദ്ദേഹത്തിൻെറ പിന്നാലെ പോയവരെയും സംബന്ധിച്ചും ഇതിൽ പറയുന്നു.

---

(16) Trav. State Manual, II, p. 207.

www.malankaralibrary.com



5. 1772-ൽ നിരണത്തുവച്ചു അഭിഷേകം സ്വീകരിച്ചു മലങ്കര യാക്കോബായസഭയെ ഭരിച്ച ആറാം മാർത്തോമ്മാ അഥവാ വലിയ മാർ ദിവന്നാസ്യോസ് തത്തമ്പള്ളി പള്ളിയിൽവച്ച് ഒപ്പിട്ട പടിയോലയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "കൽദായ സുറിയാനിക്കാരുടെ ക്രമംപോലെ നാം എല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽനിന്നും റോമാവഴക്കമുള്ള മേല്പട്ടക്കാർ മലയാളത്തിൽ വരാഴികകൊണ്ടും നമ്മുടെ മേല്പട്ടക്കാരില്ലാതിരിക്കുമ്പോൾ ഗോവയുടെ മാർ അല്ലേസോസ് (അലക്സിസ്മേനേസിസ്) മെത്രാപ്പോലീത്താ മാർപ്പാപ്പായുടെ കല്പനയാലെ മലങ്കരവന്ന് ഉദയംപേരൂർ സൂനഹദോസു കുടി കല്പിച്ചിരിക്കുന്ന പ്രകാരം 1652-ാം കാലത്തോളവും നാമെല്ലാവരും ഏകോപിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ സാമ്പാളൂർക്കാർ (ഈശോസഭക്കാർ) അന്നു കൊച്ചീക്കോട്ടയിൽ പ്രമാണമായിരിക്കുന്ന പറുങ്കികളെ സ്വാധീനമാക്കി അപായംവരുത്തുകകൊണ്ടു മലങ്കര ഇടവകക്കാരെല്ലാവരും മട്ടാഞ്ചേരിപള്ളിയിൽക്കൂടി സാമ്പാളൂർക്കാരെ ജാതീയ യജമാനന്മാരായിട്ടു കൈക്കൊള്ളുകയില്ലെന്നു സത്യവും ചെയ്തു." [17] ഈ പടിയോലയിൽ നിന്നും കൂനൻകരിശു സത്യം ചെയ്തത് വരെ കേരള ക്രിസ്ത്യാനികൾ കൽദായ സുറിയാനി റീത്തുകാരായ കത്തോലിക്കരായിരുന്നെന്നും പോർട്ടുഗീസ് (പറുങ്കി) വൈദികരെ ഭരണകർത്താക്കളായിട്ടു സ്വീകരിക്കയില്ലെന്നാണ് അവർ സത്യം ചെയ്തതെന്നും വ്യക്തമാകുന്നുണ്ടല്ലോ.

6. നവീകരണകക്ഷിയെ (മാർത്തോമ്മാക്കാരെ) യാക്കോബായസഭയിൽ നിന്നു ശപിച്ച് ബഹിഷ്ക്കരിക്കുന്നതിനായി

[17] മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, പു. 260-261.



കേരളത്തിൽ വന്ന പത്രോസ് പാത്രിയർക്കീസിൻെറ അദ്ധ്യക്ഷതയിലും പുലിക്കോട്ടു മാർ ദിവന്നാസ്യോസിൻെറ സാന്നിദ്ധ്യത്തിലും 1876-ൽ മുളന്തുരുത്തിയിൽ നടന്ന സൂനഹദോസിൽ കേരളത്തിലെ 102 പള്ളിക്കാർ ചേർന്ന് എഴുതിവച്ച പടിയോലയിൽ പറയുന്നു: "ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിയിൽ കൂട്ടംകൂടി മേലാൽ പറുങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്നു സത്യം ചെയ്തു പിരിയുകയും ചെയ്തു." [18]

7. ഈ.എം. ഫിലിപ്പിനെപ്പോലെ യാക്കോബായസഭയിലെ വേറൊരു ചരിത്രകാരനായ ഇട്ടുപ്പുറൈറ്റർ തൻെറ ഗ്രന്ഥത്തിൽ കൂനൻകുരിശു സത്യത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതുകൂടി കേട്ടാലും: "ഇതൊക്കെയും കണ്ടുബോധിച്ചാറെ കൂടപ്പെട്ട സുറിയാനിക്കാർ അശേഷവും മട്ടാഞ്ചേരിപള്ളിയിലും കമ്പോളത്തിലുമായി സ്വരൂപിച്ചുകൂടി ശുദ്ധ പാത്രിയർക്കീസിനെ ഒട്ടും സംശയവും ദൈവഭയവും കൂടാതെ അറുകുലചെയ്തു എന്ന ഈ പറുങ്കികളോടു ഇനി നാം ചേരരുതെന്നും നമ്മുടെ അനന്തരവർ കാലത്തിലും ഇവരുമായി ഇനി ചേർച്ചയും ഉപവിയും വേണ്ടാ എന്നും അപ്പോൾ റോമ്മാവഴക്കം ഫ്രാൻസിസ് മെത്രാനെ ഒരുനാളും എജമാനൻ വിളിക്കുന്നതല്ലെന്നും സത്യംചെയ്തു." [19] അഹത്തള്ളാ മെത്രാനെ അറുകൊല ചെയ്ത പറുങ്കി (പോർട്ടുഗീസുകാർ)കളോടു ചേരരുതെന്നും അവരുടെ മെത്രാനെ യജമാനനായി സ്വീകരിക്കയില്ലെന്നും അത്രെ സുറിയാനിക്കാർ സത്യം ചെയ്തത്.

[18] സൂനഹദോസ് നിശ്ചയങ്ങൾ, പുറം. 26,

[19] സുറിയാനി സഭാ ചരിത്രം, പുറം 116,

www.malankaralibrary.com


## ഉപസംഹാരം

കൂനൻകുരിശു സത്യത്തെയും മലങ്കര യാക്കോബായ സഭയുടെ ഉത്ഭവത്തെയും സംബന്ധിച്ചു വിദേശീയരും സ്വദേശികളുമായ ഇത്രയധികം ചരിത്രപണ്ഡിതന്മാരുടെ - യാക്കോബായ സഭയിലെ പേരുകേട്ട പണ്ഡിതന്മാരുടെ തന്നെയും - പ്രസ്പഷ്ടവും അനിഷേധ്യവുമായ സാക്ഷ്യങ്ങൾ ഉള്ളപ്പോൾ മലങ്കരസഭയിലെ ആദിമവിശ്വാസം നെസ്തോറിയൻ, യക്കോബായ, മാർത്തോമ്മാ ആദിയായ സഭകളിലെ ഇപ്പോഴത്തെ വിശ്വാസ സംഹിതയിൽ ഒന്നായിരുന്നു; പോർട്ടുഗീസുകാരുടെ വരവിനു മുമ്പുവരെ കേരളത്തിൽ കത്തോലിക്കാവിശ്വാസം ഇല്ലായിരുന്നു; പോർട്ടുഗീസു വൈദികർ, പ്രത്യേകിച്ച്, മെനേസിസ് മെത്രാപ്പോലീത്തായും മറ്റും വേദപഠനത്തിനു വന്നിരുന്ന കുട്ടികളുടെ കൈവശം കാശുവച്ച കൊഴുക്കട്ടകൾ കൊടുത്താണു മലങ്കരയിലെ പല സുറിയാനി ക്രിസ്ത്യാനികളെയും കത്തോലിക്കരാക്കിയത്; കൂനൻകുരിശുസത്യം ചെയ്ത നമ്മുടെ പിതാക്കന്മാർ കത്തോലിക്കാ വിശ്വാസം സ്വീകരിക്കയില്ലെന്നും മാർപ്പാപ്പായുടെ അധികാരത്തിനു ഒരുനാളും വിധേയരാകയില്ലെന്നുമാണു സത്യം ചെയ്തിട്ടുള്ളത് എന്നിങ്ങനെ കേരളത്തിലെ വിദ്യാസമ്പന്നന്മാരായ അകത്തോലിക്കർപോലും സദാ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതു സംഗതികളുടെ വാസ്തവസ്ഥിതി ഗ്രഹിക്കാതെ പാവപ്പെട്ട ജനമെല്ലാം തങ്ങളുടെ സഭയിൽത്തന്നെ ഉറച്ചുനിൽക്കണമെന്നും സത്യം അന്വേഷിച്ചു കത്തോലിക്കാസഭയിലേക്കു ആരും പോകുവാൻ ഇടയാകരുതെന്നുമുള്ള ദുരുദ്ദേശ്യംകൊണ്ടല്ലേ? ദുഃഖവും നിരാശയും വൈരാഗ്യവും നമ്മുടെ പിതാക്കന്മാരിൽ വർദ്ധിച്ചതിൻെറ ഫലമായി അധികാരസ്ഥാനികളോടു മൽസരിച്ചു അവർ ചെയ്ത തെറ്റിൽത്തന്നെ പുത്തൻകൂറ്റുകാർ ഇന്നും മനഃപൂർവ്വം നിലനിൽക്കുന്നതു അഭിമാനകരമോ? സത്യസ്നേഹികളും ഹൃദയപരമാർത്ഥികളും നിർമ്മല മനസ്സാക്ഷിയുള്ളവരും അങ്ങനെയോ ചെയ്യേണ്ടത്? "തെറ്റിൽ വീണുപോകുന്നത് മനുഷ്യസഹജമാണ്; എന്നാൽ തെറ്റിൽത്തന്നെ നിലനിൽക്കുന്നത് മണ്ടന്മാരുടെ ലക്ഷണമാണ്" എന്നു പണ്ഡിതാഗ്രേസരനായ സിസറോ പറയുന്നത് ഇത്തരുണത്തിൽ സ്മരണീയമത്രേ. കൂനൻകുരിശു സത്യം ചെയ്ത പഴയകൂറ്റുകാർ വന്നുപോയ തെറ്റു - സഭാധികാരികളോടു മത്സരിച്ചു ഭിന്നിച്ചുനിന്നു എന്ന തെറ്റു സഭയിലേക്കു തിരിച്ചുവന്നു - തിരുത്തിയതുപോലെ പുത്തൻകൂറ്റുകാരും ചെയ്യേണ്ടതല്ലേ? പോർട്ടുഗീസുകാരോടു എത്രമാത്രം വിദ്വേഷം ഉണ്ടായാലും മാതൃസഭയായ കത്തോലിക്കാസഭയെ ഉപേക്ഷിക്കാമോ? സഭാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ ഐക്യത്തിൽ നിന്നു വേർപെട്ടു നിൽക്കുന്നതു ശരിയോ?



പിതാക്കന്മാരുടെ വിശ്വാസം എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൻെറ കർത്താവും വിശ്വവിഖ്യാതനുമായ കാർഡിനൽ ഗിബൺസിൻെറ വാക്കുകളിൽ സമാപിപ്പിക്കുകയാണ്.

"കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനാൽ നിങ്ങൾക്ക് എന്തു നഷ്ടമുണ്ടാകുമെന്നും വിചാരിച്ചു നോക്കുവിൻ. നിങ്ങളുടെ നഷ്ടം നിങ്ങൾക്കു ലഭിക്കുന്ന ലാഭത്തോടു തട്ടിച്ചു നോക്കിയാൽ വെറും നിസ്സാരം! നിങ്ങളുടെ പൗരുഷമോ ബഹുമാനമോ സ്വാന്ത്ര്യമോ ആലോചനാശക്തിയോ നിങ്ങൾ ഒഴിഞ്ഞുകൊടുക്കുന്നില്ല. ഇതിനകം നിങ്ങൾക്കു ലഭിച്ചിട്ടുണ്ടാകാവുന്ന വെളിപ്പെടുത്തപ്പെട്ടിട്ടുള്ള യാതൊരു സത്യങ്ങളും നിങ്ങൾ ഉപേക്ഷിക്കുന്നില്ല. നിങ്ങളുടെ മേൽ ചുമത്തപ്പെടുന്ന ഒരു നിർബന്ധം സുവിശേഷത്തിൻെറ നിർബന്ധം മാത്രമാകുന്നു. ഇതിനെ നിങ്ങൾക്കു ന്യായമായി വിരോധിക്കുവാൻ പാടുള്ളതല്ലല്ലോ.

"കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനാൽ അപരിചിതമായ ഒരു സ്ഥലത്തേക്കല്ല നിങ്ങൾ പ്രവേശിക്കുക. നിങ്ങളുടെ പിതാവിൻെറ ഭവനത്തിലേക്കു തിരിച്ചുചെല്ലുകയാണു ചെയ്യുന്നത്. ഭവനവും അതിലെ സാമാനങ്ങളും നിങ്ങൾക്ക് അപരിചിതമായി തോന്നിയേക്കാം. എന്നാൽ അത് മുന്നൂറു സംവത്സരങ്ങൾക്കു മുമ്പു നിങ്ങളുടെ പിതാമഹന്മാർ ഉപേ

www.malankaralibrary.com


ക്ഷിച്ചു പോയപ്പോൾ ഇരുന്ന സ്ഥിതിയിൽത്തന്നെയാണ്. സഭയിലേക്കു പിന്തിരിയുന്നതിനാൽ ഇതിനു മുമ്പു നിങ്ങളുടെ പിതാക്കന്മാർ ആരാധിച്ച ആ സ്ഥലത്തുതന്നെ നിങ്ങളും ആരാധിക്കുകയും, അവർ മുട്ടുകുത്തിയ ആ ബലിപീഠത്തിൻെറ മുമ്പിൽ നിങ്ങളും മുട്ടുകുത്തുകയും, അവർ കൈക്കൊണ്ട ആ കുർബാന നിങ്ങളും കൈക്കൊള്ളുകയും, അവർ ബഹുമാനിച്ച ഗുരുക്കന്മാരുടെ അധികാരം നിങ്ങളും ബഹുമാനിക്കയും ചെയ്യും. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാരുടെ ഭവനത്തിലേക്കു തിരിച്ചുവരുന്നതു ധൂർത്തനായ പുത്രനെപ്പോലെ ആയിരിക്കും. സന്തോഷത്തിൻെറ ഉടുപ്പു നിങ്ങളെ ധരിപ്പിക്കുകയും സ്നേഹത്തിൻെറ വിരുന്നു നിങ്ങളുടെ മുമ്പാകെ വെയ്ക്കുകയും പുത്രത്വത്തിൻെറയും സ്വീകാരത്തിൻെറയും ഉറപ്പായി സമാധാനത്തിൻെറ ചുംബനം നിങ്ങൾക്കു ലഭിക്കുകയും ചെയ്യും......

മരണമില്ലാത്ത നിങ്ങളുടെ ആത്മാവിൻെറ രക്ഷയെക്കാൾ സാരമായ മറ്റു യാതൊന്നുമില്ലെന്ന് ഓർത്തുകൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ, ലോകം മുഴുവൻ നേടിയാലും തൻെറ ആത്മാവു നഷ്ടപ്പെടുന്നപക്ഷം ഒരു മനുഷ്യന് എന്തു പ്രയോജനമാണുള്ളത്? അല്ലെങ്കിൽ, തൻെറ ആത്മാവിനു പകരമായി ഒരു മനുഷ്യൻ എന്തുകൊടുക്കും?" (മത്തായി 16:26) അതിനാൽ, സ്നേഹിതന്മാരെയും ബന്ധുക്കളേയും മുഷിപ്പിക്കുമെന്നുള്ള ഭയമോ മനുഷ്യരുടെ ഞെരുക്കമോ ഐഹിക വസ്തുക്കളുടെ നഷ്ടമോ ലൗകികമായ മറ്റു യാതൊരു വിപത്തോ സത്യത്തെ പരിശോധിച്ച് അതിനെ സ്വീകരിക്കുന്ന സംഗതിയിൽ നിങ്ങളെ ഭയപ്പെടുത്താതിരിക്കട്ടെ. "എന്തുകൊണ്ടെന്നാൽ, വേഗം കഴിഞ്ഞുപോകുന്നതും ലഘുവായ നമ്മുടെ ഇപ്പോഴത്തെ ദുഃഖം മഹിമയുടെ അനന്തഭാരത്തെ നിരവധികമായി ഉണ്ടാക്കുന്നതാണ്." (2 കൊരിന്തിയാ. 4:17) സത്യത്തെ കണ്ടറിവാനുള്ള വെളിവും കണ്ടതിനുശേഷം അതിനെ അനുഗമിക്കുവാനുള്ള ധൈര്യവും ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ."